ബാല കുസുമം

പുസ്തകം 11
ലക്കം 12
2024 ഡിസംബർ

# വലേറിയാന എന്ന മായൻ നഗരം

എ.ഡി. 250 മുതൽ 900 വരെ നിലവിലുണ്ടായിരുന്ന പുരാതന മായൻ സംസ്കാരത്തിലെ ഒരു നഗരം പുരാവസ്തു ഗവേഷകർ മെക്സിക്കോയിൽ കണ്ടെത്തി. ആധുനിക ലിഡാർ (ലൈറ്റ് ഡിറ്റക്ഷൻ ആൻഡ് റേഞ്ചിംഗ്) സംവിധാനം ഉപയോഗിച്ചാണ് കാടിനുള്ളിൽ മറഞ്ഞുകിടക്കുകയായിരുന്ന ഈ നഗരം കണ്ടെത്തിയത്. ‘വലേറിയാന’ എന്നാണ് നഗരത്തിന് അവർ പേരു നൽകിയത്.

122 ചതുരശ്ര കിലോമീറ്റർ പരിധിയിൽ നടത്തിയ ഗവേഷണത്തിൽ കൂറ്റൻ പിരമിഡുകളും കെട്ടിടങ്ങളും കൃഷിസ്ഥലങ്ങളും പ്രദർശനശാലകളും ഉൾപ്പെടെ ആറായിരത്തിലധികം നിർമ്മിതികളാണ് ഗവേഷകർ കണ്ടെത്തിയത്.



# ഒരു ഗ്രാമത്തിന്റെ പുനർജന്മം

മനോഹരമായിരുന്നു ആ ഗ്രാമം. വൃക്ഷങ്ങളും തോട്ടങ്ങളും വയലേലകളും പൂന്തോപ്പുകളും പള്ളിപ്പടർപ്പുകളും നിറഞ്ഞ ആ ഗ്രാമത്തിലെ ജീവിതം സുഖകരമായിരുന്നു. ഗ്രാമത്തിലൂടെ ഒഴുകുന്ന കൊച്ചരുവിയും കൈത്തോടുകളും അവർക്ക് ആവശ്യമായ ശുദ്ധവെള്ളവും തണുപ്പും നൽകിക്കൊണ്ടിരുന്നു. മരങ്ങളിൽ നിന്നും തോട്ടങ്ങളിൽ നിന്നും വയലുകളിൽ നിന്നും കിട്ടുന്ന ശുദ്ധവായു ശ്വസിച്ചും ശുദ്ധമായ വിഭവങ്ങൾ കഴിച്ചും ആരോഗ്യവാന്മാരായി ഗ്രാമീണർ ജീവിച്ചുപോന്നു.

അതിനിടയിലാണ് കുറെ മരക്കച്ചവടക്കാർ ഗ്രാമത്തിലെത്തിയത്. അടുത്തുള്ള ഒരു വ്യവസായശാലയിലേക്ക് ധാരാളം മരങ്ങൾ വേണം. അവർ ഗ്രാമീണരെ മരം വിൽക്കാൻ പ്രേരിപ്പിച്ചു. നല്ല വില കിട്ടുമെന്നായപ്പോൾ ജനം മുന്നുംപിന്നും നോക്കാതെ തങ്ങളുടെ ഉടമസ്ഥതയിലുള്ള മരങ്ങളെല്ലാം വിറ്റു കാശാക്കി. ദിവസങ്ങൾക്കുള്ളിൽ കച്ചവടക്കാർ മരങ്ങളെല്ലാം മുറിച്ച് വണ്ടികളിൽ കയറ്റി കൊണ്ടുപോയി.


**BALA KUSUMAM**

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  മുഹമ്മദ് പാറന്നൂർ
- എക്സിക്യൂട്ടീവ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  എ. മൊയ്തീൻ മടവൂർ
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്. എം
- ഡിസൈൻ & ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി



അപ്പോഴാണ് ജനങ്ങൾ വിവരമറിയുന്നത്. വെയിലിന് സഹിക്കാൻ പറ്റാത്ത ചൂട്! ശീതക്കാറ്റ് തീരെയില്ലാതായി. കിണറ്റിലെ വെള്ളത്തിനു പോലും തണുപ്പില്ല. ക്രമേണ വെള്ളവും വറ്റിത്തുടങ്ങി. കൃഷികൾ ഉണങ്ങിത്തുടങ്ങി. ആവശ്യത്തിനു പുല്ലും വെള്ളവും കിട്ടാതായപ്പോൾ കന്നുകാലികൾ ചത്തു തുടങ്ങി. ശുദ്ധവായു കുറഞ്ഞപ്പോൾ രോഗങ്ങൾ വർധിച്ചു, പകർച്ചവ്യാധികൾ പെരുകി.

ഏറെ കഷ്ടത്തിലായത് വീടുകളിലെ സ്ത്രീകളാണ്. അടുപ്പു കത്തിക്കാൻ ഒരു ചുള്ളിക്കമ്പ് പോലും കിട്ടാനില്ല. ആഹാര വിഭവങ്ങൾ ഉണ്ടെങ്കിലും അവ വേവിച്ചെടുക്കണമല്ലോ. കിട്ടാവുന്നതെല്ലാം പെറുക്കി അടുപ്പിലിട്ട് കത്തിച്ച് ദുഷിച്ച പുക ശ്വസിച്ച് അവർ വലിയ രോഗികളായി.

മരങ്ങൾ ഇല്ലാതായതുകൊണ്ടാണല്ലോ വിറകില്ലാതായത്. പെണ്ണുങ്ങളെല്ലാം ഒത്തുകൂടി കുറെ മരങ്ങൾ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ അവർ വിത്തുകളും തൈകളും ശേഖരിച്ച് മുറ്റത്തും പറമ്പിലും വഴിയോരത്തും പുഴയോരത്തുമെല്ലാം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു പരിപാലിക്കാൻ തുടങ്ങി. നല്ല പരിചരണം ലഭിച്ചതുകൊണ്ടു തന്നെ മരങ്ങൾ അതിവേഗം

○ കവിത

**സുനീഷ് മുയിപ്പോത്ത്**

## കടലും പുഴയും

കടലൊരു കടലായ് തീർന്നീടാൻ
പറയുക കാരണമെന്താവോ?
പലപല പുഴകൾ ചേരുമ്പോൾ
വലിയൊരു കടലായ് തീരുന്നു.
പുഴയൊരു പുഴയായ് തീർന്നീടാൻ
പറയുക കാരണമെന്താവോ?
ഉറവകളരുവികൾ കൂടിച്ചേർന്നാൽ
കളകളമൊഴുകും പുഴയായി.



പടർന്നു പന്തലിച്ചു.

അങ്ങനെ ആവശ്യത്തിന് വിറക് കിട്ടിത്തുടങ്ങി. അപ്പോഴാണ് അവർ പ്രകൃതിയിലെ അത്ഭുതകരമായ മാറ്റങ്ങൾ ശ്രദ്ധിച്ചത്. ആവശ്യത്തിനു തണലുകൾ ലഭിച്ചിരിക്കുന്നു! വെയിലിന് ചൂട് കുറഞ്ഞിരിക്കുന്നു! ശീതക്കാറ്റും കുളിരും തിരിച്ചുവന്നിരിക്കുന്നു! കിണറുകളിലും പുഴകളിലും തോടുകളിലും വയലുകളിലും ജലം സമൃദ്ധമായിരിക്കുന്നു! പുല്ലുകളും കുറ്റിച്ചെടികളും തഴച്ചു വളർന്നിരിക്കുന്നു. മരങ്ങൾ കായ്ക്കാൻ തുടങ്ങിയതോടെ പലതരം പറവകൾ പാട്ടുകളുമായി പറന്നെത്തിയിരിക്കുന്നു! രോഗങ്ങൾ കുറഞ്ഞിരിക്കുന്നു, പകർച്ചവ്യാധികൾ പടി കടന്നിരിക്കുന്നു!

അങ്ങനെ അവർ തിരിച്ചറിഞ്ഞു; മരങ്ങളുടെ പ്രാധാന്യം. ഇതൊരു സങ്കല്പ കഥയല്ല; ഒരു ആഫ്രിക്കൻ ഗ്രാമത്തിൽ സംഭവിച്ചതാണ്.

കൂട്ടുകാരേ, നമ്മുടെ ചുറ്റും കാണുന്ന മരങ്ങൾ അത്ര നിസ്സാര വസ്തുക്കളല്ല. നമ്മുടെയും മറ്റു ജീവജാലങ്ങളുടെയും സുഖകരമായ നിലനിൽപ്പിന് അവ നിലനിന്നേ പറ്റൂ.



സഫർ
അസ്സലാമു അലൈക്കും.
വ അലൈക്കു മുസ്സലാം.
സഫർ മോനോ? നീ കോളേജീന്ന് എപ്പ ഴാടാ വന്നത്?
ഇന്നു രാവിലെ എത്തിയതേയു ള്ളൂ ഇത്താ..
നല്ല മോൻ. നാട്ടിൽ വന്നാൽ നീ ഉടനെ ഇവിടെ വരുമെന്നെ നിക്കറിയാം.
എന്തൊക്കെയാ മോനേ വിശേഷ ങ്ങൾ?
ഇപ്പോ സമയമെ ത്രയായി?
3:35
അസർ ബാങ്ക് എത്ര മണിക്കാ?


3:40ന്.
എന്നാ ഞാനിപ്പോ വരാട്ടോ. ളുഹ്ർ നിസ്കരിച്ചിട്ടില്ല.
ങേ, ഇത്ര നേരമായിട്ടും?
അവളെന്നും അങ്ങനെയാ. അസറിന്റെ സമയമാവാൻ കാത്തിരിക്കും.
ഇത്താത്ത എന്താ ളുഹ്ർ നിസ്കാരം ഇത്ര വൈകിച്ചത്?
വെറുതെ! രണ്ട് നിസ്കാരവും കൂടി ഒരു വുളൂഅ് കൊണ്ട് നിസ്കരിക്കാലോ!
ഒരു വുളൂഅ് ലാഭിച്ചതാടാ.
ഇങ്ങനെ നിസ്കാരം കാരണമില്ലാതെ വൈകിക്കുന്നത് ശരിയല്ല ഇത്താ.
എപ്പഴായാലും നിസ്കരിച്ചാൽ പോരേ മോനേ?


അതു പറ്റില്ല, ഇത്ത ക്കറിയോ, ഏറ്റവും ശ്രേഷ്ഠമായ ആരാ ധനാകർമം ഏതാ ണെന്ന്?
നീ തന്നെ പറയെടാ. നീയല്ലേ കിതാബൊ ക്കെ ഓതിയത്!
നിസ്കാരം ആദ്യ സമയത്തു തന്നെ നിർവഹിക്കലാ ണത്.
അപ്പോ, തീരെ വൈ കിക്കരുതെന്നാണോ? സമയം കഴിയുന്നതി നുമുമ്പ് നിസ്കരി ച്ചാൽ പോരേ?
ന്യായമായ കാരണമില്ലാ തെ നിസ്കാരം വൈകി ക്കാൻ പറ്റില്ല. ഇത്താ, സമയമാകുന്നതോടെ നി സ്കാരം നമ്മുടെ ബാധ്യ തയാകില്ലേ?
അതേ.
നിസ്കരിക്കാൻ സമയമുണ്ടായിട്ട് നിസ്കരിക്കാതെ നമ്മൾ പെട്ടെന്ന ങ്ങ് മരിച്ചുപോയാലോ, പടച്ചോ നോടെന്താ പറയുക?
അത്രയങ്ങോട്ട് ഞാൻ ചിന്തിച്ചിട്ടില്ല മോനേ. ഇ നി സമയത്തിന് നിസ്ക രിക്കാൻ ശ്രദ്ധിക്കാം.
ഇതൊരു പുതിയ അറിവാണല്ലോ സ ഫർ മോനേ...
പിന്നെ, ഇത്താ ഒരു വുളൂഅ് അധികമെടുക്കുന്നതിന് ഒരി ക്കലും മടിക്കണ്ടാട്ടോ. ഓരോ വുളൂഉം പുണ്യകർമ്മമാണ്. എപ്പോഴും വുളൂഅ് ഉണ്ടായിരിക്കൽ വലിയ പുണ്യമാണ്.



മുഹമ്മദ് സവാദ് മെരുവമ്പായി

# അറബി ഭാഷക്ക് തനിമയേറെ

ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷകളിലൊന്നാണ് അറബി. 25 രാജ്യങ്ങളിലായി 400 മില്യണിലധികം ജനങ്ങളുടെ ഔദ്യോഗിക ഭാഷയാണത്. മുസ്‌ലിംകൾ മതപരമായി കൂടുതൽ ആശ്രയിക്കുന്നതും അറബി ഭാഷയാണ്. അറബി മാതൃഭാഷയായി ഉപയോഗിക്കുന്നവരിൽ മുസ്‌ലിംകൾ അല്ലാത്തവരുമുണ്ട്. 1973 ഡിസംബർ പതിനെട്ടിന് ചേർന്ന ഐക്യരാഷ്ട്രസഭ അസംബ്ലിയാണ് അറബിഭാഷയെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്. അറബി ഭാഷയുടെ സാംസ്‌കാരിക വൈവിധ്യങ്ങൾ ആഘോഷിക്കുക എന്ന ലക്ഷ്യത്തോടെ 2010 മുതൽ ഡിസംബർ 18 അന്താരാഷ്ട്ര അറബിക് ദിനമായി ആചരിക്കുന്നു.

സെമിറ്റിക് ഭാഷകളിലൊന്നായ അറബി ഖുർആനിന്റെ അവതരണത്തോടെ ജനകീയ ഭാഷയായി മാറി. അതോടെ അറബിഭാഷയുടെ സുവർണ്ണ കാലഘട്ടം ആരംഭിച്ചു. അബ്ബാസിയ കാലഘട്ടത്തിൽ അനവധി വിജ്ഞാനശാഖകളും ആയിരക്കണക്കിന് പുതിയ പദങ്ങളും പ്രയോഗങ്ങളും വന്നതോടെ അറബിഭാഷ ഏറെ പ്രചാരം നേടി. വൈദ്യശാസ്ത്രം, ഗോളശാസ്ത്രം, തർക്കശാസ്ത്രം, ഭാഷ, ഗണിതം തുടങ്ങി വ്യത്യസ്ത വിഷയങ്ങളിൽ അനേകം ഗ്രന്ഥങ്ങൾ അറബി ഭാഷയിൽ വിരചിതമാവുകയും വിവിധ ഭാഷകളിൽ നിന്ന് അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു.

## അറബി പദങ്ങൾ മലയാളത്തിൽ

| | | | |
|---|---|---|---|
| റദ്ദ് | വാടി | ഹൽവ | വക്കാലത്ത് |
| നാട് | മൈതാനം | മാപ്പ് | അസ്സൽ |
| കലാശം | ഹാജർ | മാലാഖ | കരാർ |
| ശർക്കര | ജാമ്യം | വസൂൽ | ബദൽ |
| കീസ് | സായിപ്പ് | ബാക്കി | സുപ്ര |
| ഖജാന | തർജുമ | വക്കീൽ | ആപത്ത് |

എ.ഡി 1258ൽ മംഗോളിയൻ സൈന്യം അറബ് സാംസ്കാരിക നഗരങ്ങളും വൈജ്ഞാനിക കേന്ദ്രങ്ങളും പൂർണ്ണമായും തകർത്തു. അറബിഭാഷയിൽ രചിക്കപ്പെട്ട പ്രധാന സാഹിത്യകൃതികളെല്ലാം നശിച്ചുപോയി. അറബിഭാഷയുടെയും സാഹിത്യത്തിന്റെയും ഇരുണ്ട കാലഘട്ടമായിരുന്നു അത്.

എ.ഡി 1517ൽ അറബ്നാടുകളുൽ ഉസ്മാനികൾ ഭരണം സ്ഥാപിച്ചതോടെ ആരംഭിച്ച തുർക്കി ആധിപത്യം 1798 ൽ ഫ്രഞ്ച് ചക്രവർത്തി നെപ്പോളിയൻ ഈജിപ്ത് കീഴടക്കിയതോടെ അവസാനിച്ചു. തുടർന്ന് അറബിഭാഷയുടെ പ്രതാപവും ചൈതന്യവും മങ്ങിത്തുടങ്ങി. എന്നാൽ പിന്നീട് ഈജിപ്ത് സാംസ്കാരിക വൈജ്ഞാനിക കേന്ദ്രമായി ഉയർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ അറബിഭാഷ ലോകമെങ്ങും വ്യാപിച്ചു. സാഹിത്യത്തിന് അറബിഭാഷ ഒരുപാട് സംഭാവനകൾ നൽകിയിട്ടുണ്ട്. 1988 ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയത് ഈജിപ്തിലെ അറബി സാഹിത്യകാരനായിരുന്ന നജീബ് മഹ്ഫൂസ് ആയിരുന്നു. അറബിഭാഷക്കും സാഹിത്യത്തിനും ഇന്ത്യ പൊതുവിലും കേരളം പ്രത്യേകിച്ചും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.




# 2024 ലെ നൊബേൽ ജേതാക്കൾ

### ➤ വൈദ്യശാസ്ത്രം

**വിക്ടർ അംബ്രോസ്,**
**ഗാരി റവ്കിൻ**
(അമേരിക്കൻ ശാസ്ത്രജ്ഞർ)

### ➤ സമാധാനം

**നിഹോൺ ഹിഡാൻക്യോ**
(ജാപ്പനീസ് സംഘടന)

### ➤ ഭൗതികശാസ്ത്രം

**ജോൺ ഹോപ്ഫീൽഡ്**
(അമേരിക്കൻ ശാസ്ത്രജ്ഞൻ),
**ജെഫ്രി ഹിന്റൺ**
(ബ്രിട്ടീഷ് കനേഡിയൻ ശാസ്ത്രജ്ഞൻ)

### ➤ സാഹിത്യം

**ഹൻ കാങ്**
(ദക്ഷിണകൊറിയൻ എഴുത്തുകാരി)

### ➤ രസതന്ത്രം

**ഡേവിഡ് ബേക്കർ**
(യൂണിവേഴ്സിറ്റി ഓഫ് വാഷിങ്ടണിലെ ഗവേഷകൻ),
**ജോൺ ജംബർ,**
**ഡെമിസ് ഹസബിസ്**
(ലണ്ടനിലെ ഗൂഗിൾ ഡീപ്മൈൻഡ് പ്രവർത്തകർ)

### ➤ സാമ്പത്തിക ശാസ്ത്രം

**ഡാരോൺ അസെമൊഗ്ലു**
(ടർക്കിഷ് - അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ)
**സൈമൺ ജോൺസൺ,**
(ബ്രിട്ടീഷ് - അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞൻ)
**ജെയിംസ് എ റോബിൻസൺ**
(ബ്രിട്ടീഷ് - അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ)


ഹോജ
വീട്ടുമുറ്റത്ത് കാര്യമായിഎന്തോ തിരയുകയാണ് ഹോജ
ഏയ്... ഹോജാ, താങ്കൾ എന്താണിവിടെ തിരയുന്നത്?
എന്റെ മോതിരം കളഞ്ഞുപോയി.
എവിടെയാണ് കളഞ്ഞുപോയത്?
വീടിനകത്ത്.
എന്നിട്ട് വീടിനു വെളിയിലാണോ തിരയുന്നത്?
വീടിനകത്ത് ഭയങ്കര ഇരുട്ടാണ്. വെളിച്ചമുള്ളിടത്ത് തിരയണം എന്നല്ലേ?
ങേ!

# ആരോഗ്യ രഹസ്യം

റോമൻ ചക്രവർത്തി നബി(സ)യുടെ അടുത്തേക്ക് ഒരു വൈദ്യനെ അയച്ചു. വൈദ്യന് ജോലി നൽകുക എന്നതായിരുന്നു ലക്ഷ്യം. വൈദ്യൻ മദീനാ താഴ്വരയിൽ ആറ് മാസം താമസിച്ചു. പക്ഷേ, ഒരു രോഗിയും അദ്ദേഹത്തെ സമീപിച്ചില്ല. വെറുതെയിരുന്നു മടുത്ത വൈദ്യൻ നബി(സ)യോട് ചോദിച്ചു: 'മുസ്‌ലിംകളായ നിങ്ങൾക്ക് ഒരു രോഗവും വരാറില്ലേ? ആറ് മാസം ഇവിടെ താമസിച്ചിട്ടും ഒരു രോഗി പോലും ചികിത്സയ്ക്കായി എന്നെ സമീപിച്ചില്ലല്ലോ.'

ഇതു കേട്ടയുടൻ പുഞ്ചിരിയോടെ നബി(സ) പറഞ്ഞു: 'അതിനൊരു കാരണമുണ്ട്. ഞങ്ങൾ വിശക്കുമ്പോൾ മാത്രമേ ഭക്ഷണം കഴിക്കൂ, ഉറക്കം വരുമ്പോൾ മാത്രമേ ഉറങ്ങൂ.'

# വാക്കു പാലിച്ചു

യുദ്ധക്കളത്തിൽ പ്രതിയോഗിയായ അദിയ്യുബ്നുഅബീറബീഅയെ വധിക്കാൻ നാലുപാടും അന്വേഷിച്ചു



നടക്കുകയായിരുന്നു ഹാരിസുബ്നുഅബ്ബാദ്. അപ്പോഴാണ് ഒരാൾ ഹാരിസിന്റെ പിടിയിലകപ്പെട്ടത്. തടവുപുള്ളിയായി അദ്ദേഹത്തെ കൊണ്ടുപോകുമ്പോൾ ഹാരിസ് ചോദിച്ചു:

'താങ്കൾക്ക് അദിയ്യുബ്നുഅബീറബീഅയെ അറിയുമോ?'

'അറിയാം.'

'അദ്ദേഹത്തെ എനിക്കു കാണിച്ചുതരുമോ?'

'ശരി. അദിയ്യിനെ കാണിച്ചുതന്നാൽ നിങ്ങളെന്നെ വെറുതെവിടുമോ?'

'ഉറപ്പായും, താങ്കളെ വിട്ടയക്കാം.'

'ഞാനാണ് അദിയ്യിബ്നുഅബീറബീഅ!'

മറുപടി കേട്ട് ഹാരിസുബ്നുഅബ്ബാദ് സ്തബ്ധനായിപ്പോയി. വാക്കു പാലിക്കാനായി അദ്ദേഹം അയാളെ വെറുതെ വിട്ടു.



## മഹാ നഷ്ടം

നട്ടുച്ച സമയം. അലക്സാണ്ട്രിയ ജയിച്ചടക്കിയ വിവരം ഖലീഫയായ ഉമറുൽഫാറൂഖ്(റ)വിനെ അറിയിക്കാൻ മദീനയിലെത്തിയതാണ് മുആവിയതുബ്നു ഖദീജ്(റ). ഖലീഫ വിശ്രമിക്കുന്ന വേളയിൽ വിവരമറിയിക്കാമെന്നു കരുതിയാണ് ഉച്ചസമയത്തെത്തിയത്. പക്ഷേ, പള്ളിയിൽ ആരാധനകളിൽ മുഴുകിയിരിക്കുന്ന ഖലീഫയെയാണദ്ദേഹം കണ്ടത്. കാര്യമറിയിച്ച ശേഷം മുആവിയതുബ്നു ഖദീജ്(റ) പറഞ്ഞു:

'അങ്ങ് വിശ്രമിക്കുകയാകും എന്ന ധാരണയിലാണ് ഞാൻ ഈ സമയത്തു വന്നത്.'

അതു കേട്ടപ്പോൾ ഉമർ(റ) പറഞ്ഞു: 'നിങ്ങളുടെ ധാരണ വളരെ മോശം! ഞാനുറങ്ങുന്നതെങ്ങനെ? പകലുറങ്ങിയാൽ എനിക്ക് പ്രജകൾ നഷ്ടപ്പെടും. രാത്രി ഉറങ്ങിയാൽ എന്റെ ശരീരവും നഷ്ടപ്പെടും.'

അബൂതസ്നീം

# നമ്മുടെ മാലിന്യം നമ്മുടെ ബാധ്യത

‘ഹരിതസേന മാസംതോറും ഓരോ വീട്ടിലുമെത്തും. അവർക്ക് അൻപതു രൂപയും ഒരു ചാക്ക് മാലിന്യവും കൊടുക്കണം. നിങ്ങളാരെങ്കിലും ഹരിതസേനയെ കണ്ടിട്ടുണ്ടോ?’

അൻവർസാറിന്റെ ചോദ്യം കേട്ട് കൂട്ടുകാരിൽ പലരും മുഖത്തോടു മുഖം നോക്കി. ഹരിതസേനയോ? അതെന്താണ്? അങ്ങനെയൊരു സേനയെ ഇതേവരെ കണ്ടിട്ടില്ലല്ലോ. കൂട്ടുകാരിങ്ങനെ നോക്കി നിൽക്കുമ്പോൾ കുഞ്ഞുമോൻ കൈയുയർത്തി.

‘എന്താ, മുജ്തബ കണ്ടിട്ടുണ്ടോ ഹരിതസേനയെ?’ സാർ ചോദിച്ചപ്പോൾ കുഞ്ഞുമോൻ എഴുന്നേറ്റ് പറഞ്ഞു: ‘കണ്ടിട്ടുണ്ട് സാർ. എന്റെ വീട്ടിൽ എല്ലാമാസവും വരാറുണ്ട്. കുറെ ചേച്ചിമാരും ഇത്താത്തമാരുമൊക്കെയാണ് ഹരിതസേന.’

കുഞ്ഞുമോന്റെ വാക്കുകൾ കേട്ടപ്പോൾ പലരും വിളിച്ചു പറഞ്ഞു: ‘ഞാനും കണ്ടിട്ടുണ്ട് സാർ ഹരിതസേനയെ.’

‘എന്റെ വീട്ടിലും ഹരിതസേന വരാറുണ്ട് സാർ.’

‘ഇപ്പോൾ എല്ലാവർക്കും മനസ്സിലായില്ലേ ഹരിതസേനയെ? നമ്മുടെ വീടുകളിലെ വേസ്റ്റ് ശേഖരിച്ചു കൊണ്ടുപോകാൻ സർക്കാർ ഒരുക്കിയ സംവിധാനമാണ് ഹരിതസേന. ഓരോ മാസവും അവർ വന്ന് വേസ്റ്റ് ശേഖരിച്ചു കൊണ്ടുപോകുന്നു. അതിനു ഫീസായി ഓരോ വീട്ടുകാരും അൻപതു രൂപ

കൊടുക്കണം.’

‘അപ്പോ ഒരു ചാക്ക് വേസ്റ്റിനു പുറമെ അൻപതു രൂപയും കൊടുക്കണമെന്നോ സാറേ? അതെന്തു ന്യായമാണ്. നാം കൊടുക്കുന്നതിന് ഇങ്ങോട്ട് പൈസ തരികയല്ലേ വേണ്ടത്?’ റിയാസിന്റെ ചോദ്യം ക്ലാസിൽ ചിരി പരത്തി. ‘അത് ശരിയാണല്ലോ’ എന്ന മട്ടിൽ കൂട്ടുകാരിൽ പലരും അവനൊപ്പം ചേർന്നു. ക്ലാസ്സിലൊരു ബഹളം.

അൻവർ സാർ മേശമേലടിച്ച് സൈലൻസ്, സൈലൻസ് എന്നുറക്കെ പറഞ്ഞപ്പോൾ എല്ലാവരും നിശ്ശബ്ദരായി. സാറ് പറഞ്ഞു തുടങ്ങി: ‘കുട്ടികളേ, നിങ്ങൾക്കറിയാമോ മനുഷ്യരായ നമ്മളാണ് ഭൂമിയെ നിരന്തരം മലിനമാക്കിക്കൊണ്ടി



രിക്കുന്നത്.

നാം ഉപയോഗിച്ചു തള്ളുന്ന പ്ലാസ്റ്റിക് കവറുകളും തുണിത്തരങ്ങളും കുപ്പിച്ചില്ലുകളും ചെരുപ്പുകളും മറ്റു പല വസ്തുക്കളുമുണ്ടല്ലോ. അതെല്ലാം ഭൂമിയിൽ നിറഞ്ഞ് വലിയ നാശമാണ് വരുത്തിവെക്കുന്നത്. നാം വലിച്ചെറിയുന്ന ഇത്തരം വസ്തുക്കൾ മണ്ണിനെ ദുഷിപ്പിക്കുന്നു. സസ്യങ്ങളുടെ വേരോട്ടം തടയുന്നു. വെള്ളം മലിനമാക്കുന്നു. കൊതുകുകളും മറ്റു കീടങ്ങളും പെറ്റു പെരുകാൻ കാരണമാകുന്നു. വയലിലും തോട്ടിലും പുഴയിലും കടലിലുമൊക്കെ ഇത്തരം സാധനങ്ങൾ നിറഞ്ഞ് സർവ്വനാശത്തിനു കാരണമാകുന്നു. കൃഷി നശിക്കുന്നു. വായു മലിനമാകുന്നു. പലതരം രോഗങ്ങൾക്ക് കാരണമാകുന്നു. നമ്മുടെ കാലാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. ചൂട് കൂടുന്നു. വെള്ളപ്പൊക്കമുണ്ടാകുന്നു. ഇങ്ങനെ എന്തെല്ലാം നാശങ്ങൾ!

ഇങ്ങനെയൊക്കെയാണെങ്കിലും പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗമെങ്കിലും കുറയ്ക്കാൻ പറഞ്ഞാൽ നമ്മളാരെങ്കിലും കേൾക്കുമോ? കടയിലേക്ക് പോകുമ്പോൾ ഒരു തുണിസഞ്ചി കരുതണമെന്ന് എത്രകാലമായി പരിസ്ഥിതി പ്രവർത്തകർ പറയുന്നു. അനുസരിക്കുന്നുണ്ടോ നമ്മൾ? ദിവസവും അഞ്ചു പത്ത് കവറുകളെങ്കിലും ഓരോ വീട്ടിലും എത്തിച്ചേരുന്നില്ലേ? അവയെല്ലാം വേസ്റ്റായി കുപ്പക്കൂനയിലും തെങ്ങിൻതടത്തിലും കുഴികളിലും തോടുകളിലുമൊക്കെ നിറയുന്നില്ലേ? അവയെല്ലാം ഒന്ന് പെറുക്കിക്കൂട്ടി ഒഴിവാക്കാനാണ് ഹരിതസേന നമ്മെ സഹായിക്കുന്നത്. അതിനു ഫീസായി അമ്പതു രൂപ കൊടുക്കുന്നത് വലിയ നഷ്ടമൊന്നുമല്ല കേട്ടോ.

നിങ്ങൾ കേട്ടിട്ടില്ലേ നമ്മുടെ മാലിന്യം നമ്മുടെ ബാധ്യതയാണെന്ന്? അതായത് നാം ഓരോരുത്തരിൽ നിന്നുമുണ്ടാകുന്ന മാലിന്യങ്ങൾ മറ്റാർക്കും ശല്യമാകാതെ നോക്കണം നമ്മൾ. അതിനെ സംസ്കരിക്കേണ്ട ബാധ്യത നമ്മൾ ഓരോരുത്തർക്കുമുണ്ട്.'

'അപ്പോ സാറേ, ഹരിതസേന ഈ മാലിന്യങ്ങളൊക്കെ കൊണ്ടുപോയി എന്താണ് ചെയ്യുന്നത്?' കു



ഞ്ഞുമോൻ ചോദിച്ചു.

'ങാ, അതൊരു ചോദ്യം തന്നെയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിച്ച് പലവിധത്തിലും ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇത്തരം റീസൈക്ലിംഗ് കേന്ദ്രങ്ങളിലേക്കാണ് ഈ മാലിന്യങ്ങളെല്ലാം കൊണ്ടുപോകുന്നത്. അവ റീസൈക്ലിംഗ് നടത്തി പുതിയ പല വസ്തുക്കളുമുണ്ടാകുന്നു. റോഡ് ടാർ ചെയ്യാനും മറ്റും ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഏതായാലും നമ്മുടെ മണ്ണും വെള്ളവും വായുവും മലിനമാകാതെ പരമാവധി സൂക്ഷിക്കാനുള്ള സംവിധാനമാണ് ഹരിതസേന. നമ്മളവരെ സഹായിക്കണം.

'അൻപതു രൂപ കൊടുത്ത് സഹായിക്കണം അല്ലേ സാറേ?'

'അതു മാത്രം പോരാ, നമ്മുടെ വീടിനു ചുറ്റും പറമ്പിലും തോട്ടിലും വയലിലുമൊക്കെയുള്ള എല്ലാ വേസ്റ്റും പെറുക്കിക്കൊണ്ടുപോകാൻ അവർക്കാവില്ല. നമ്മൾ അവയൊക്കെ ശേഖരിച്ച് ചാക്കിൽ കെട്ടി കൊടുക്കണം. ഇങ്ങനെയും സഹായിക്കേണ്ടതുണ്ട്.'

'അയ്യേ, നമ്മള് കുപ്പയിലും കാട്ടിലും പോയി വേസ്റ്റ് പെറുക്കിക്കൊടുക്കേ?'

**ഭക്ഷണം പാഴാക്കരുതേ..**

ലോകത്ത് ഓരോ വർഷവും മനുഷ്യർക്കു വേണ്ടി തയ്യാറാക്കുന്ന ഭക്ഷണത്തിന്റെ ഏകദേശം അഞ്ചിൽ ഒരു ഭാഗം അഥവാ 1.3 മില്യൺ ടൺ പാഴായിപ്പോകുന്നുണ്ട്. 8 മില്യൻ കോടി രൂപയോളം വില വരുമിതിന്. ഈ പാഴായിപ്പോകുന്ന ഭക്ഷണം കൊണ്ടു മാത്രം 300 കോടി മനുഷ്യർക്ക് വിശപ്പടക്കാം!

2024 ലെ ആഗോള പട്ടിണി സൂചികയിൽ 127 രാജ്യങ്ങളിൽ 105 ാം സ്ഥാനത്ത് ഗുരുതര വിഭാഗത്തിലാണ് ഇന്ത്യ.

അരുൺ നെറ്റിയും മൂക്കും ചുളിച്ചുകൊണ്ട് ചോദിച്ചപ്പോൾ സാർ അല്പം ഗൗരവത്തോടെ: 'ഞാൻ പറഞ്ഞില്ലേ, നമ്മുടെ മാലിന്യം സംസ്കരിക്കേണ്ടത് നമ്മുടെ ബാധ്യതയാണെന്ന്. അതിൽ വെറുപ്പ് കരുതാനൊന്നുമില്ല. നാം മാലിനമാക്കിയിട്ടുണ്ടെങ്കിൽ നാം തന്നെ അത് ശുദ്ധീകരിക്കണം. അതാണ് ന്യായവും മാന്യതയും. പിന്നേയ്, അരുണേ, കുപ്പയിലും കുഴിയിലും പോയി വേസ്റ്റ് ശേഖരിക്കുന്നതൊഴിവാക്കാൻ ഞാനൊരു വഴി പറഞ്ഞു തരാം.'

'അതെന്താണ് സാർ?'

'ഒരു ചാക്ക് അടുക്കള ഭാഗത്ത് എവിടെയെങ്കിലും വേസ്റ്റിടാൻ പാകത്തിൽ തൂക്കിയിടുക. ഓരോ ദിവസത്തെയും വേസ്റ്റ് അതിലിടുക. എന്നാൽ പിന്നെ പെറുക്കാൻ നടക്കേണ്ട ആവശ്യമില്ലല്ലോ.'

'അത് നല്ല ഐഡിയയാണല്ലേ സാറേ?' ഹംന സന്തോഷത്തോടെ പറഞ്ഞു.

'എന്റെ വീട്ടിൽ അങ്ങനെയാ.' ശംനാസ് ഉറക്കെ വിളിച്ചു പറഞ്ഞു. അതുകേട്ട് കുട്ടികൾ ആർത്തു ചിരിച്ചു.

സാറ് വീണ്ടും കുട്ടികളെ നിശ്ശബ്ദരാക്കി തുടർന്നു: 'പിന്നേ... ഇതിപ്പോൾ പറഞ്ഞത് എന്തിനാണെന്നോ? ഡിസംബർ രണ്ട് മാലിന്യനിയന്ത്രണദിനമാണ്. അന്ന് 'മാലിന്യനിർമാർജനത്തിൽ കുട്ടികളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയ്യാറാക്കി എല്ലാവരും ക്ലാസിൽ അവതരിപ്പിക്കണം കേട്ടോ.'

ശാസ്ത്രശാല

## അകലം അളക്കാമോ?

ഒറ്റക്കണ്ണുകൊണ്ട് അകലം കണക്കാക്കാൻ കഴിയുമോ?
നമുക്ക് നോക്കാം

**ആവശ്യമായ വസ്തുക്കൾ:**
ഒരു കപ്പ്, ഒരു നാണയം.

**ചെയ്യേണ്ട വിധം:**

ഒരു കപ്പ് മേശപ്പുറത്ത് വയ്ക്കുക. കൈകൊണ്ട് ഒരു കണ്ണ് മറച്ചുപിടിക്കുക. ഒരു നാണയം കൈയിൽ പിടിക്കാൻ സുഹൃത്തിനോട് ആവശ്യപ്പെടുക. മറ്റേ കണ്ണുകൊണ്ട് നാണയത്തിന്റെയും കപ്പിന്റെയും സ്ഥാനം നിരീക്ഷിക്കുക, നാണയം കപ്പിനു നേരെ കൊണ്ടുവരാൻ സുഹൃത്തിനോട് പറയുക. സുഹൃത്തിന്റെ കൈ കപ്പിനു നേരെ മുകളിലാണെന്ന് തോന്നുമ്പോൾ നാണയമിടാൻ ആവശ്യപ്പെടുക.



**സംഭവിക്കുന്നത്:**

നാണയം കപ്പിൽ വീഴുന്നില്ല. ഒരു കണ്ണു മാത്രം ഉപയോഗിച്ച് ദൂരം കണക്കാക്കാൻ നല്ല പരിശീലനം ആവശ്യമാണ്. ഇതിനായി വസ്തുവിന്റെ വലുപ്പം, തെളിച്ചം തുടങ്ങിയ കാര്യങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു വസ്തുവിൽ ഒരേ സമയം രണ്ട് കണ്ണുകളും കേന്ദ്രീകരിക്കാൻ കഴിയുന്ന വിധത്തിലാണ് മനുഷ്യരുടെയും മറ്റു മൃഗങ്ങളുടെയും കാഴ്ച. സ്റ്റീരിയോസ്കോപ്പിക് വ്യൂ എന്നാണിത് അറിയപ്പെടുന്നത്. കണ്ണുകൾ വ്യത്യസ്ത കോണുകളിൽ നിന്ന് ഓരോ ചിത്രങ്ങൾ എടുക്കുകയും മസ്തിഷ്കം അവയെ ഒരൊറ്റ ചിത്രമായി ലയിപ്പിക്കുകയും ചെയ്യുന്നു.




# മൃഗങ്ങളുടെ സമരം



വടക്കൻ മലയിലെ വലിയ ഞാവൽ മരത്തിലാണ് പക്ഷികൾ കൂട്ടമായി താമസിച്ചിരുന്നത്. കാടിനു വല്ല ആപത്തും വരുമ്പോൾ അവരാണ് എല്ലാവരെയും അറിയിച്ചിരുന്നത്. ഒരു ദിവസം ദൂരേക്ക് കണ്ണും നട്ട് ഇരിക്കുകയായിരുന്ന മൂങ്ങയാണ് ആ കാഴ്ച കണ്ടത്; ഒരുപാട് മനുഷ്യർ യന്ത്രങ്ങളും മഴുവും വാളുമെല്ലാമെടുത്ത് മല കയറിവരുന്നു. ഞാവൽ മരമാണ് അവരുടെ ലക്ഷ്യമെന്ന് മൂങ്ങക്ക് മനസ്സിലായി. എല്ലാ പക്ഷികളെയും കൂട്ടി മൂങ്ങ സിംഹരാജനെ കാണാൻ പുറപ്പെട്ടു. പക്ഷികളുടെ പരാതി കേട്ട സിംഹരാജൻ പറഞ്ഞു: 'എല്ലാവരും ഒത്തൊരുമിച്ചു സമരം ചെയ്താൽ ഈ കാടിനെ നമുക്ക് രക്ഷിക്കാം.' പക്ഷികളും മൃഗങ്ങളുമെല്ലാം സമരത്തിനു തയ്യാറായി. മനുഷ്യർ കാട്ടിലേക്ക് പ്രവേശിച്ചതും ആന ചിന്നം വിളിച്ച് കൊമ്പുകുലുക്കി പാഞ്ഞടുത്തു. കടുവയും പുലിയും സിംഹവും ഗർജിച്ചുകൊണ്ട് അവർക്കു മുന്നിലേക്ക് ചാടിവീണു. കുഞ്ഞനെലിയും അണ്ണാറക്കണ്ണനും കുഞ്ഞിക്കുരുവിയുമെല്ലാം സമരത്തിൽ പങ്കുചേർന്നു. കാടിളകി വരുന്നതു കണ്ട് മനുഷ്യർ പേടിച്ചു സ്ഥലം വിട്ടു. കാട്ടിലുള്ളവരെല്ലാം ചേർന്ന് വിജയഘോഷം മുഴക്കി.

*മുഹമ്മദ് സയാൻ കെ. വി*
*ക്ലാസ് 4 , മുനീറുൽ ഇസ്‌ലാം സുന്നി മദ്റസ മുട്ടിൽ*

# പൂവിൻ പൊലിമ

**ഭൂ**മിക്കു വർണ്ണപ്പുടവ ചുറ്റി
പൂമ്പാറ്റകൾ പറന്നുല്ലസിച്ചു.
പൂന്തേൻ നുകരാൻ ചിറകുവീശി
പൂന്തോപ്പിലാനന്ദ നൃത്തമാടി.
പൂക്കളെ കാണുവാനെന്തു ചന്തം
കാറ്റിൽ വിരുന്നെത്തിടും സുഗന്ധം.

*മുഹമ്മദ് അൻഫസ്*
*ക്ലാസ് 7, മദ്റസതുൽ ഫലാഹ്, തിരുവോട്*

# മഴയവധി

**സൂ**ര്യന്റെ തലോടലേറ്റ്
വിടരാൻ കൊതിച്ച
പൂമൊട്ടുകൾക്കിന്നവധി.
അമ്മക്കിളിച്ചുണ്ടിൽ നിന്ന്
അന്നം കിട്ടുമെന്ന് കൊതിച്ച
കുഞ്ഞിക്കിളിയുടെ
പ്രതീക്ഷകൾക്കവധി.
മണ്ണും മരങ്ങളും
കുന്നും പുഴകളും മാന്തി
ഭൂമി തൻ മാറു തുളയ്ക്കും
കരാളഹസ്തങ്ങൾക്കവധി.
ഇത് പ്രകൃതീ, നിന്നുയിരിനായ്
ആകാശം തന്ന അവധി.

*റിഫ സുമയ്യ ടി കെ*
*ക്ലാസ് 8, എം.എഫ് സുന്നി മദ്റസ, കരേക്കാട്*

# ഗസ്സയിലെ കുഞ്ഞുങ്ങൾ

**ചോ**ര പുരണ്ട കളിപ്പാവകൾ
കണ്ണീരു വീണ പുസ്തകങ്ങൾ
കീറിപ്പറിഞ്ഞ കുഞ്ഞുടുപ്പുകൾ
ഉടലു കരിഞ്ഞ കുഞ്ഞുങ്ങൾ
എവിടെപ്പോയ് നീതി?
കാത്തിരിപ്പാണീ കുരുന്നുകൾ.



*ഹാമിദ് മുഹ്യിദ്ദീൻ കെ,*
*ക്ലാസ് 7, കൻസുൽഉലൂം സുന്നി മദ്റസ, പരവക്കൽ*

# മൈലാഞ്ചി ത്തോപ്പ്

രാത്രിയെ പുൽകുമ്പോൾ പ്രഭാതത്തിൻ വെളിച്ചം ജസദിനെ പുണരുമെന്ന പ്രതീക്ഷയിലാണ് മനുഷ്യന്റെ കിടപ്പ്. അസ്റാഈലിൻ വിളിയിൽ തേങ്ങിക്കൊണ്ടവൻ റൂഹിനെ പിരിയുന്നു. വെള്ള പുതച്ച് കുന്തിരിക്കത്തിൻ സുഗന്ധത്തിൽ തഹ്‌ലീലിൻ ധ്വനികളിൽ ലയിച്ച് മൈലാഞ്ചിത്തോപ്പിലേക്കടുക്കുന്നു. മനുഷ്യനെ പടക്കാൻ മണ്ണെടുത്തപ്പോൾ ഭൂമിക്ക് കൊടുത്ത വാക്കാണത്രെ, അത് നിന്നിലേക്കൊരുനാൾ തിരിച്ചു നൽകുമെന്ന്.

മയ്യിത്തിൻ കവിൾതടം മണ്ണിലേക്ക് പതിയുന്നു. മൂന്നുപിടി മണ്ണിനാൽ യാത്രയയപ്പ് നൽകി, മീസാൻകല്ലു നട്ട് മൈലാഞ്ചിത്തോപ്പിലേക്ക് ഒരതിഥി കൂടിയെത്തുന്നു.

***ഫാത്തിമ ഹെന്ന, ക്ലാസ്സ് 9,***
***അബൂദർറുൽഗിഫാരി സുന്നി മദ്റസ പുറമത്ര***

നിറം നൽകാം, കഥ യെഴുതാം.



ചിത്രത്തിന് നിറം നൽകി ഭംഗിയാക്കിക്കോളൂ... ഈ ചിത്രത്തിന് അനുയോജ്യമായ ഒരു കഥയുണ്ടാക്കി കുസുമത്തിലേക്ക് അയച്ചോളൂ. മികച്ചത് പ്രസിദ്ധീകരിക്കും. കഥയോടൊപ്പം പേര്, മദ്റസ, ക്ലാസ്, സ്ഥലം എന്നിവ ചേർക്കാൻ മറക്കരുതേ...

# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിന്റെ വരവും കാത്തിരിപ്പാണ് ഞാൻ. ഒത്തിരി മധുരമൂറുന്ന വിഭവങ്ങളുമായി നീ വരില്ലേ? സഫറും കുഞ്ഞുമോനും എന്റെ പ്രിയപ്പെട്ട കൂട്ടുകാരാണ്. മിസ്റ്റർ മണ്ടപ്പനും ഹോജയും വായിച്ചു ചിരിക്കും. അബൂട്ടിയുടെ കഥ വായിക്കുമ്പോൾ അറിയാതെ കണ്ണുകൾ നിറയും. ഓരോ മാസത്തിലുമുള്ള വിശേഷ ദിവസങ്ങളുടെ വിവരണങ്ങളും മഹാന്മാരെക്കുറിച്ചുള്ള ചരിത്രങ്ങളും ഏറെ പഠനാർഹമാണ്. ഇംഗ്ലീഷ് കോർണർ ഗ്രാമർ പഠിക്കാൻ സഹായിക്കുന്നു. വൈകാതെ വരണേ....

***റിസ്ബ റഫി. കെ, ക്ലാസ് 10***
***മമ്പഉൽ ഉലൂം മദ്റസ***

പ്രിയപ്പെട്ട ബാലകുസുമത്തിന്,

എല്ലാ മാസവും മദ്റസയിൽ നിന്നാണ് നിന്നെ കിട്ടാറുള്ളത്. അബൂട്ടിയുടെ കഥയാണ് ആദ്യം വായിക്കാറുള്ളത്. പാവം അബൂട്ടി! കുറച്ചു വായിക്കുമ്പോൾ തന്നെ കണ്ണുകൾ നിറയും. സഫറിന്റെ ഗുണപാഠങ്ങളും മിസ്റ്റർ മണ്ടപ്പന്റെ കുസൃതികളും ഹോജയുടെ തമാശയും വിട്ടു പോകാറില്ല. അറിവുകളും ഗുണപാഠങ്ങളും നൽകുന്ന നീയാണെന്റെ പ്രിയപ്പെട്ട ചങ്ങാതി.

***ഫാത്തിമ ലിയ പി. വി ക്ലാസ് 7***
***സബീലുൽജന്ന മദ്റസ***

# ഖുതുബുദ്ദീൻ ബഖ്തിയാർ(റ)

ബിശ്ർ കാലടി

ഡൽഹിയിലെ മെഹ്റോലിയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യയുടെ അഭിമാനസ്തംഭമായ ഖുതബ്മിനാറിന്റെ സമീപമാണ് ഖുതുബുദ്ദീൻ ബഖ്തിയാർ അന്ത്യവിശ്രമം കൊള്ളുന്നത്. തങ്ങളുടെ സ്മരണയ്ക്കുവേണ്ടി മംലൂക് സുൽത്താൻമാർ നിർമിച്ചതാണ് അത്ഭുത കാഴ്ചയായ ഖുതുബ് മിനാർ. സുൽത്താനുൽഹിന്ദ് ഖാജാ മുഈനുദ്ദീൻ തങ്ങളുടെ സന്തതസഹചാരിയും മുരീദുമായിരുന്നു ഖുതുബുദ്ദീൻ ബഖ്തിയാർ(റ). ഡൽഹിയിലെ ഏറ്റവും പുരാതനമായ ദർഗയാണ് മഹാന്റേത്. ചിശ്തി ത്വരീഖത്ത് ഇന്ത്യയിൽ ജനകീയമായത് ഖുതുബുദ്ദീൻ ബഖ്തിയാർ(റ)വിന്റെ സ്വാധീനത്തിലായിരുന്നു. മഹാനവർകളിലൂടെ ആയിരക്കണക്കിലേറെ പേർ ഇസ്ലാം പുൽകിയിട്ടുണ്ട്.

ഇന്ത്യ-പാക്ക് വിഭജനാനന്തരം നടന്ന ആക്രമങ്ങളിൽ കേടുപാടുകൾ സംഭവിച്ച ബഖ്തിയാർ തങ്ങളുടെ മഖ്ബറ പുനരുദ്ധരിക്കണമെന്ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജി നിർദേശം നൽകിയിരുന്നു.

## മുന്നേറാൻ ഇന്ത്യ

2030 ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി വളരുമെന്ന് റേറ്റിങ് ഏജൻസിയായ എസ് ആൻഡ് പി ഗ്ലോബൽ പ്രവചനം. വരും വർഷങ്ങളിലും ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്വ്യവസ്ഥ ഇന്ത്യ തന്നെയായിരിക്കും.



ഹിജ്റ 569 (ക്രിസ്തു വർഷം 1173) ലായിരുന്നു ഖുതുബുദ്ദീന്റെ ജനനം. ഒന്നര വയസ്സായപ്പോൾ പിതാവ് മരണപ്പെട്ടു. ചെറുപ്രായത്തിൽ തന്നെ ഖുർആൻ മനപ്പാഠമാക്കി. അഞ്ചാം വയസ്സിൽ മൗലാനാ അബൂഹഫ്സിന്റെ ശിഷ്യത്വം സ്വീകരിച്ച മഹാൻ ഉപരിപഠനത്തിനായി പ്രമുഖ വൈജ്ഞാനിക കേന്ദ്രമായ ബാഗ്ദാദിലേക്ക് യാത്രയായി. ധാരാളം സൂഫികളുമായി ആത്മീയബന്ധം സ്ഥാപിച്ചു.

അജ്മീർ ഖാജ തങ്ങളാണ് മഹാനവർകൾക്ക് ബഖ്തിയാർ എന്ന അപരനാമം നൽകിയത്. മുഗൾ രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായിരുന്ന ഡൽഹിയാണ് തങ്ങൾ ഇസ്ലാമിക പ്രബോധനത്തിനു വേണ്ടി തിരഞ്ഞെടുത്തത്. പാവങ്ങളോടും അശരണരോടും കരുണ കാണിക്കാൻ മഹാനവർകൾ ഉപദേശിച്ചു. അനേകായിരങ്ങൾക്ക് തണൽ നൽകിയ ആ സൂഫിവര്യൻ ക്രി. 1235 ഡിസംബർ 1ന് ഇഹലോകവാസം വെടിഞ്ഞു.


ജാലിയൻ വാലാ ബാഗ്
സന്ധ്യയായതോടെ ജാലിയൻവാലാബാഗ് മൈതാനത്ത് നിറഞ്ഞ മൃതശരീരങ്ങൾക്കിടയിലൂടെ പലരും ഉറ്റവരെ തേടിനടന്നു. 8 മണിയോടെ കർഫ്യൂ തുടങ്ങുമ്പോൾ വീണ്ടും വെടി മുഴങ്ങുമെന്ന് ഭയന്ന് അവർ മടങ്ങി.
കർഫ്യൂ ലംഘിക്കുന്നുണ്ടോ എന്നറിയാൻ ഡയർ അന്ന് രാത്രി നഗരപ്രദക്ഷിണം നടത്തി.
എല്ലാം ശാന്തം. നമ്മുടെ ഉദ്യമം വിജയിച്ചു.
ബ്രിട്ടീഷുകാരുടെ ശക്തി അവർക്കിപ്പോൾ മനസ്സിലായിക്കാണും. ഇനി സമരവുമായി അവർ ഇറങ്ങട്ടെ!
ഏപ്രിൽ 14ന് ലാഹോറിൽ ഗവർണറിന് ഇർവിംഗിൽ നിന്ന് ഒരു കത്ത് ലഭിച്ചു.
സൈന്യം മുന്നറിയിപ്പില്ലാതെ 10 മിനുട്ട് നിർത്താതെ വെടിവെച്ചു. എനിക്കവിടെ എത്താൻ സാധിച്ചില്ല.
ഗർവണർക്ക് ഡയറിൽ നിന്നും ഒരു കത്ത് ലഭിച്ചു.
സാഹചര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിലാണ്. 200 പേർ കൊല്ലപ്പെട്ടു. അമൃതസർ ശാന്തമാണ്.
ഗുഡ്!


ജാലിയൻവാലാബാഗ് സംഭവംവലിയ ക്രൂരതയാണെന്ന് ബ്രിട്ടീഷുകാരെല്ലാം വിലയിരുത്തിയപ്പോഴും ഗവൺമെന്റ് അതിനെ ന്യായീകരിച്ചു.
കേവലം 200 പേർ മാത്രമാണോ കൊല്ലപ്പെട്ടത്? ഒരു കലാപത്തെ നാം അടിച്ചമർത്തി.
മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ഡയറിനെ പുകഴ്ത്തി.
ഡയറിന്റെ ബുദ്ധി അപാരം തന്നെ! അമൃതസർ എത്ര പെട്ടെന്നാണ് ശാന്തമായത്!
ഉത്തരേന്ത്യ മുഴുവൻ പടർന്നേക്കാൻ സാധ്യതയുണ്ടായിരുന്ന ഒരു ബഹുജന സമരം ഡയർ വിദഗ്ധമായി അവസാനിപ്പിച്ചു.
ജാലിയൻവാലാബാഗ് സംഭവത്തെ ഒതുക്കാൻ ബ്രിട്ടീഷുകാർ ശ്രമിച്ചു. പത്രങ്ങളിലൊന്നും വാർത്ത നൽകാൻ അനുവദിച്ചില്ല. എന്നാൽ വാർത്തകൾ വാമൊഴിയായി രാജ്യമെങ്ങും പടർന്നു.
ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടീഷുകാർക്ക് കനത്ത തിരിച്ചടിയായി. ബ്രിട്ടീഷ് നിയമത്തിലും നീതിയിലും വിശ്വസിച്ചിരുന്ന മോട്ടിലാൽ നെഹ്റുവിന്റെ വിശ്വാസം നഷ്ടപ്പെട്ടു.
നേതാക്കളുടെ വാക്കുകൾ കേൾക്കാൻ ഒരുമിച്ചുകൂടിയ നിഷ്കളങ്കരായ മനുഷ്യരെ ഇങ്ങനെയാണോ നേരിടേണ്ടത്? അതിനുമാത്രം എന്തപരാധമാണ് അവർ ചെയ്തത്?



കോൺഗ്രസ് നേതാക്കൾ പഞ്ചാബിൽ പ്രവേശിക്കാൻ അനുമതി തേടി. ഒടുവിൽ അനുമതി ലഭിച്ചപ്പോൾ അവർ അമ്പരന്നു.
കൂടുതൽ ജനങ്ങളുള്ള സ്ഥലം ലക്ഷ്യമാക്കിയാണ് ഡയർ വെടിയുതിർത്തത് എന്ന് ആ അടയാളങ്ങളിൽ നിന്ന് വ്യക്തം.
ജനക്കൂട്ടത്തിന് പെട്ടെന്ന് രക്ഷപ്പെടാൻ കഴിയില്ലെന്ന് ഡയർ മനസ്സിലാക്കിയിരിക്കണം. ഉള്ളിൽ കുടുങ്ങിയ കുട്ടികളും സ്ത്രീകളും അടക്കമുള്ള നിരപരാധികളെ നിഷ്കരുണം വെടിവെച്ചു വീഴ്ത്തി.
ഗാന്ധിജി അംഗമായിരുന്ന അനൗദ്യോഗിക അന്വേഷണ കമ്മിറ്റി വിലയിരുത്തി
നിഷ്കളങ്കരായ മനുഷ്യർക്കുനേരെയുള്ള ക്രൂരമായ കൂട്ടക്കൊലയാണ് ജാലിയൻവാലാബാഗ്. ആധുനിക ബ്രിട്ടീഷ് ഭരണത്തിന്റെ ചരിത്രത്തിലെ ഒരു കറുത്ത അധ്യായമാണിത്.
വാർത്ത പരന്നതോടെ ഇന്ത്യയിൽ ജനകീയമായ പ്രതിഷേധം ഉയർന്നു. ബ്രിട്ടീഷ് ഗവൺമെന്റിന് യാഥാർത്ഥ്യം മറച്ചുവെക്കാൻ കഴിഞ്ഞില്ല. ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് നിർബന്ധിതരായി. ഇത് ഹണ്ടർകമ്മിറ്റി എന്നറിയപ്പെട്ടു.
വെടിവെപ്പില്ലാതെ താങ്കൾക്ക് ജനങ്ങളെ പിരിച്ചുവിടാമായിരുന്നില്ലേ?
പിരിച്ചുവിടാമായിരുന്നു. പക്ഷേ, അവർ വീണ്ടും തിരിച്ചുവരും. എന്നെ പരിഹസിക്കും. വിഡ്ഢിയാക്കും.
ഹണ്ടർ കമ്മിറ്റി ഡയറിനെ കുറ്റപ്പെടുത്തി.


അതോടെ ബ്രിട്ടീഷ് ഗവൺമെന്റ് ഡയറിനെ കുറ്റപ്പെടുത്തി.
അത് ഡയറിന്റെ വൈകാരിക തീരുമാനമാണ്. ബ്രിട്ടീഷ് ഗവൺമെന്റിന് അത് ന്യായീകരിക്കാനാവില്ല.
ഒരുമാസം കഴിഞ്ഞ് ചീഫ് കമാൻഡറിൽ നിന്ന് ജന. ഡയറിന് ഒരു കത്ത് ലഭിച്ചു.
താങ്കളുടെ രാജി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഉടൻ പരിഗണിക്കും.
ഡയർ ഞെട്ടിപ്പോയി. ഗവൺമെന്റിന്റെ പിന്തുണ തനിക്കുണ്ടാവുമെന്നാണ് ഡയർ വിചാരിച്ചത്. രാജിക്കത്തിനൊപ്പം തന്റെ വിയോജിപ്പും ഡയർ രേഖപ്പെടുത്തി.
ഞാൻ അംഗീകരിക്കുന്നു. പക്ഷേ, ഞാൻ ഖേദിക്കുന്നില്ല. ശരിയായ കാര്യമാണ് ഞാൻ ചെയ്തത്. പഞ്ചാബിനെ ഞാൻ രക്ഷിച്ചു.
ഡയർ ഇംഗ്ലണ്ടിലേക്ക് തിരിച്ചു. രാജിക്കെതിരെ കേസ് ഫയൽ ചെയ്തു. നിരവധി ഇംഗ്ലീഷുകാർ ഡയറിന് പിന്തുണ നൽകി.
ഡയറാണ് ശരി. സമരക്കാരെ ഒതുക്കിയതാണോ അദ്ദേഹം ചെയ്ത തെറ്റ്?
ശരിയാണ്! അദ്ദേഹം ബ്രിട്ടീഷ് സാമ്രാജ്യത്തെ രക്ഷിച്ചു.
ഇന്ത്യൻ ജനതയെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് പതനത്തിന്റെ തുടക്കമായിരുന്നു ജാലിയൻവാലാബാഗ്.
അവസാനിച്ചു.

ഫാത്തിമ ശൈമ. കെ



## സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ

# നെല്ലിക്കുത്ത് ആലി മുസ്‌ലിയാർ




ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലബാറിൽ നടന്ന ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകിയ പണ്ഡിതപ്രതിഭയായിരുന്നു നെല്ലിക്കുത്ത് ആലി മുസ്‌ലിയാർ. മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്തുള്ള നെല്ലിക്കുത്ത് ദേശത്ത് ക്രി. 1861 ൽ ജനിച്ചു. എരിക്കുന്നൻ പാലത്ത് മൂലയിൽ കുഞ്ഞിമൊയ്തീൻ, ഒറ്റകത്ത് ആമിന എന്നിവരാണ് മാതാപിതാക്കൾ. പാരമ്പര്യമായിത്തന്നെ ബ്രിട്ടീഷ് വിരുദ്ധരായിരുന്നു ഈ കുലീന കുടുംബം.

നെല്ലിക്കുത്ത് ഓത്തുപള്ളിയിലെ പ്രാഥമികപഠനത്തിനു ശേഷം ആലി മുസ്‌ലിയാർ പൊന്നാനിയിൽ പത്തുവർഷം ഉപരിപഠനം നടത്തി. കൊങ്ങണംവീട്ടിൽ ഇബ്റാഹീം മുസ്‌ലിയാർ, പുതിയകത്ത് ചെറിയ ബാവ മുസ്‌ലിയാർ തുടങ്ങിയവർ ആലി മുസ്‌ലിയാരുടെ ഗുരുക്കന്മാരാണ്.

തുടർന്ന് 8 വർഷത്തോളം മക്കയിലായിരുന്നു. ഇക്കാലത്ത് പ്രമുഖ പണ്ഡിതന്മാരിൽ നിന്ന് തസ്വവ്വുഫ് ഉൾപ്പെടെയുള്ള നിരവധി വിജ്ഞാനശാഖകളിൽ അഗാധപരിജ്ഞാനം നേടി. മക്കയിൽ നിന്ന് തിരിച്ചെത്തിയ ശേഷം ലക്ഷദ്വീപിലെ കവരത്തിയിൽ ഖാളിയും അധ്യാപകനുമായി സേവനം ചെയ്തു.

1896ൽ മഞ്ചേരിയിൽ നടന്ന

കർഷകകലാപമാണ് ആലി മുസ്‌ലിയാരുടെ ബ്രിട്ടീഷ് വിരോധത്തിന് മൂർച്ച കൂട്ടിയത്. 1907 ൽ തിരൂരങ്ങാടിപള്ളിയിൽ മുദരിസായി നിയമിക്കപ്പെട്ട അദ്ദേഹം പിന്നീട് ഖിലാഫത്ത് പ്രസ്ഥാനത്തിലും നിസ്സഹകരണ പ്രസ്ഥാനത്തിലും സജീവമായി.

1921 ആഗസ്റ്റ് 30ന് സായുധരായ ഒരു കൂട്ടം പട്ടാളക്കാർ തിരൂരങ്ങാടിപള്ളി വളഞ്ഞു. പള്ളിയുടെ മുകളിലെ നിലയിൽ ആലി മുസ്‌ലിയാരും നൂറോളം ശിഷ്യന്മാരുമുണ്ടായിരുന്നു. സൈന്യം അവരോട് കീഴടങ്ങാൻ ആവശ്യപ്പെട്ടു. അടുത്ത പ്രഭാതത്തിൽ മറുപടി നൽകാമെന്ന് പള്ളിയിൽ നിന്ന് അറിയിപ്പുണ്ടായി. പള്ളിക്ക് ചുറ്റും പീരങ്കികൾ സ്ഥാപിച്ച് സൈന്യം കാത്തിരുന്നു. ഹദ്ദാദ് ചൊല്ലി ചീരണി വിളമ്പി മുസ്‌ലിയാരും കൂട്ടരും പ്രാർത്ഥന നടത്തി. പുലർച്ചെ അപ്രതീക്ഷിതമായി സൈന്യം വെടിവെക്കുകയും പള്ളിയിലുള്ളവർ കീഴടങ്ങാൻ കൂട്ടാക്കാതെ പ്രത്യാക്രമണം നടത്തുകയും ചെയ്തു. പോരാട്ടം നീണ്ടതോടെ ക്ഷമകെട്ട സൈന്യം പീരങ്കികളുപയോഗിച്ച് പള്ളി തകർക്കുമെന്ന് ഭീഷണിപ്പെടുത്തി. പള്ളി സംരക്ഷിക്കാൻ വേണ്ടി ഗത്യന്തരമില്ലാതെ ആലി മുസ്‌ലിയാർ അടക്കം 38 പേർ കീഴടങ്ങി. അവരെ അറസ്റ്റ് ചെയ്ത് കോഴിക്കോട്ടേക്ക് കൊണ്ടുപോയി പ്രത്യേക വിചാരണ ചെയ്തു. ആലി മുസ്‌ലിയാരുൾപ്പെടെ പത്തിലധികം പേർക്ക് വധശിക്ഷ വിധിച്ചു. തുടർന്ന് ആലി മുസ്‌ലിയാരെ പട്ടാളക്കാർ കോയമ്പത്തൂരിലേക്ക് കൊണ്ടുപോയി.

1922 ഫെബ്രുവരി 17 വെള്ളിയാഴ്ച സുബ്ഹി നിസ്കാരം കഴിഞ്ഞിരിക്കുമ്പോൾ ജയിലുദ്യോഗസ്ഥൻ വന്ന് ആലി മുസ്‌ലിയാരോട് പറഞ്ഞു: 'താങ്കളെ തൂക്കിലേറ്റാൻ കൊണ്ടുപോവുകയാണ്, അവസാനമായി എന്തെങ്കിലും ആഗ്രഹമുണ്ടോ?'

അദ്ദേഹം പുഞ്ചിരിയോടെ മറുപടി പറഞ്ഞു: 'അൽപം വെള്ളം വേണം. ഒന്നുകൂടി വുളൂഅ് ചെയ്ത് രണ്ട് റക്അത്ത് നിസ്കരിക്കണം.'

നിസ്കാരത്തിൽ പ്രവേശിച്ച അദ്ദേഹം സുജൂദിലായിരിക്കെ അല്ലാഹുവിലേക്ക് യാത്രയായി. എന്നാൽ ജനങ്ങൾ അറിയാതിരിക്കാൻ ആലി മുസ്‌ലിയാരുടെ മൃതദേഹം തൂക്കിലേറ്റുകയാണ് ബ്രിട്ടീഷുകാർ ചെയ്തത്. കോയമ്പത്തൂർ സുൽത്താൻപേട്ടയിലെ ഖബർസ്ഥാനിൽ അദ്ദേഹത്തെ ഖബറടക്കി.

# ആർത്തിയുടെ ഫലം



പാചകപ്പുരക്കടുത്തുള്ള ഒരു മരക്കൊമ്പിലാണ് ചിന്നു പ്രാവും കുഞ്ഞും താമസിച്ചിരുന്നത്
അമ്മേ വിശക്കുന്നു.
കാത്തിരിക്കൂ. പാചകക്കാരൻ ഇപ്പോൾ റൊട്ടിക്കഷണങ്ങൾ എറിഞ്ഞു തരും.




വേഗം തിന്നോളൂ.
ഹായ്, നല്ല രുചി.
മരക്കൊമ്പിലിരുന്ന് കള്ളികാക്ക ഇതെല്ലാം കാണുന്നുണ്ടായിരുന്നു.
ങേ! റൊട്ടിക്കഷണങ്ങൾ.
ചിന്നുപ്രാവും കള്ളിക്കാക്കയും കൂട്ടുകാരായി.
ചിന്നൂ, ഞാനും വരട്ടെ റൊട്ടിക്കഷണങ്ങൾ കഴിക്കാൻ?
അതിനെന്താ, വന്നോളൂ.


ഹായ്, നല്ല പൊരിച്ച മത്സ്യമല്ലേ അത്! നമുക്കതെടുത്ത് കഴിച്ചാലോ?
വേണ്ട, അത് അപകടമാണ്.
നമുക്ക് പാചകക്കാരൻ തരുന്നത് തന്നെ ധാരാളം. ആർത്തി അപകടമാണ്.
ചിന്നുവിന്റെ ഉപദേശം കള്ളിക്കാക്ക കേട്ടില്ല.
അവൾക്ക് മത്സ്യം പറ്റാത്തതിന്റെ കുശുമ്പാണ്.
കള്ളിക്കാക്ക പാചകപ്പുരയുടെ അകത്തെത്തി.
ഇതുതന്നെ തക്കം. എടുത്തു പറക്കാം.
അടുത്ത നിമിഷം,
ധിം
ഹയ്യോ!
ആ കള്ളിക്കാക്കയുടെ കഥ കഴിഞ്ഞു.

# ക്വിസ് ആനുകാലികം, പൊതുവിജ്ഞാനം

1. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്ത്?

2. മിഷൻ റെയിൻബോ 2024 എന്നപേരിൽ 100 ദിന കർമ്മപരിപാടി നടപ്പാക്കുന്ന ബാങ്ക്?

3. 2024 ലെ അന്റാർട്ടിക്ക ഉടമ്പടി സമ്മേളനം നടക്കുന്നതെവിടെ?

4. കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ തുരങ്കപാത സ്ഥാപിക്കുന്നതെവിടെ?

5. റോഡപകടത്തിൽ പെടുന്നവർക്ക് അടിയന്തര ചികിത്സ നൽകുന്ന പദ്ധതി?

6. മലേറിയ രോഗം പരത്തുന്ന പെൺകൊതുക്?

7. അമേരിക്കയുടെ പുതിയ പ്രസിഡന്റ്?

8. നാറ്റോ സൈനിക സഖ്യത്തിന്റെ പുതിയ സെക്രട്ടറി ജനറൽ?

9. ഈ വർഷത്തെ വയലാർ അവാർഡ് നേടിയ നോവലിസ്റ്റ്?

10. മികച്ച ഫുട്ബോളർക്കുള്ള ബാലൻ ദ് ഓർ പുരസ്കാരം നേടിയ സ്പാനിഷ് താരം?

11. ഐ.സി.സി വനിത ട്വന്റി20 ലോകകപ്പിൽ കിരീടം നേടിയ രാജ്യം?

12. ടാറ്റ ട്രസ്റ്റിന്റെ പുതിയ ചെയർമാൻ?

13. നീതി ആയോഗ്







1. ഡൊണാൾഡ് ട്രംപ്, 2. എൻ എസ് മാധവൻ, 3. റോഡ്രി, 4. മാർക്ക് റുട്ടെ, 5. നോയൽ ടാറ്റ

ആസ്ഥാനം?

14. സംസ്ഥാന കായികമേളയിൽ ഓവറോൾ ജേതാക്കളായ ജില്ല?

15. സംസ്ഥാന കായികമേള അത്‌ലറ്റിക് വിഭാഗത്തിൽ ഒന്നാമതെത്തിയ ജില്ല?

16. ഗാന്ധിജി ആത്മകഥയെഴുതിയത് ഏത് ഭാഷയിൽ?

17. 2024 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്?

18. വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് പ്രസിദ്ധീകരിച്ച 180 രാജ്യങ്ങളുള്ള ആഗോള പ്രകൃതി സംരക്ഷണ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം?

19. ബ്രിട്ടനിലെ ഐ.എച്ച്.എസ് ശാസ്ത്രജ്ഞർ കണ്ടെത്തിയ പുതിയ രക്തഗ്രൂപ്പിന്റെ പേര്?

20. ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം?

21. ഒരു കുതിരശക്തി (Horse power) എന്നറിയപ്പെടുന്ന അളവെത്ര?

22. 2024ലെ കേരളജ്യോതി പുരസ്കാരം നേടിയ എഴുത്തുകാരൻ?

23. പച്ച മുട്ടയിൽ നിന്നുണ്ടാക്കുന്ന ഭക്ഷ്യവസ്തുവായ മയോണൈസിന് ഒരു വർഷം നിരോധനമേർപ്പെടുത്തിയ ഇന്ത്യൻ സംസ്ഥാനം?

24. ഗൂഗിൾ എ ഐ ലാബ് വരാനിരിക്കുന്ന ഇന്ത്യൻ നഗരം?

25. 127 രാജ്യങ്ങളുള്ള ആഗോള പട്ടിണിസൂചികയിൽ ഇന്ത്യയുടെ സ്ഥാനം?

**ഉത്തരങ്ങൾ**

1. പുല്ലമ്പാറ (തിരുവനന്തപുരം), 2. കേരള ബാങ്ക്, 3. കൊച്ചി, 4. വിഴിഞ്ഞം, 5. സോഫ്റ്റ്, 6. അനോഫിലസ്, 7. ഡൊണാൾഡ് ട്രംപ്, 8. മാർക്ക് റുട്ടെ, 9. അശോകൻ ചരുവിൽ, 10. റോഡ്രി, 11. ന്യൂസിലാൻഡ്, 12. നോയൽ ടാറ്റ, 13. ന്യൂഡൽഹി, 14. തിരുവനന്തപുരം, 15. മലപ്പുറം, 16. ഗുജറാത്തി, 17. എൻ എസ് മാധവൻ, 18. 176, 19. എം എ എൽ, 20. ഡിസംബർ 2, 21. 746 വാട്ട്, 22. എം.കെ സാനു, 23. തെലങ്കാന, 24. ചെന്നൈ, 25. 105




ഷാക്കിർ തോട്ടിക്കൽ

# രാമാനുജൻ എന്ന ഗണിതപ്രതിഭ

മദ്രാസ് സംസ്ഥാനത്തിൽപെട്ട നെല്ലൂർ ജില്ലയിലെ പ്രതിഭാശാലിയായ കലക്ടറായിരുന്നു രാമചന്ദ്രറാവു. ഗണിതശാസ്ത്രത്തിൽ തല്പരനായിരുന്ന അദ്ദേഹത്തെ കാണാൻ ഒരിക്കൽ ഒരു യുവാവെത്തി. മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് കക്ഷത്തിൽ ഒരു നോട്ടുബുക്കുമായാണ് വരവ്.

ഗണിതപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നയാളാണ് കലക്ടറെന്ന് ആ ചെറുപ്പക്കാരൻ കേട്ടറിഞ്ഞിരുന്നു. കലക്ടർക്കു മുന്നിൽ ഗണിതശാസ്ത്രത്തിലെ തന്റെ ഗവേഷണങ്ങൾ വിശദീകരിക്കുകയായിരുന്നു ലക്ഷ്യം. റാവുവിന്റെ പ്രീതി പിടിച്ചുപറ്റി ഒരു ഗുമസ്തപ്പണിയെങ്കിലും തരപ്പെടുത്തിയാൽ തന്റെ പട്ടിണി മാറ്റാമെന്നും ചെറുപ്പക്കാരൻ കണക്കുകൂട്ടി.

പക്ഷേ, ആ യുവാവ് വിശദീകരിച്ച കാര്യങ്ങളൊന്നും റാവുവിന് മനസ്സിലായില്ല. സൗകര്യമുള്ള മറ്റൊരു ദിവസം വീണ്ടും വന്നു കാണാൻ യുവാവിനോടു പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറി. ദിവസങ്ങൾക്കു ശേഷം യുവാവ് വീണ്ടും അവിടെയെത്തി. കലക്ടർക്ക് ഗണിതശാസ്ത്രത്തിൽ വലിയ പാണ്ഡിത്യമില്ലെന്ന് മനസ്സിലാക്കിയ അയാൾ ഇക്കുറി വളരെ ലളിതമായാണ് തന്റെ ഗവേഷണങ്ങൾ വിശദീകരിച്ചത്.

തന്റെ മുന്നിൽ നിൽക്കുന്നത് ഒരു മഹാപ്രതിഭയാണെ



ന്ന് അപ്പോഴാണ് കലക്ടർക്കു മനസ്സിലായത്. ഒരു ഓഫീസ് ഗുമസ്തൻ മാത്രമായി ജീവിതം കഴിച്ചുകൂട്ടേണ്ടവനല്ല ഈ യുവാവെന്ന് റാവു തിരിച്ചറിഞ്ഞു. ഗണിതശാസ്ത്രത്തിൽ ഉപരിപഠനം നടത്താൻ മദ്രാസ് സർവകലാശാലയിൽനിന്ന് ഒരു ഫെലോഷിപ്പ് സംഘടിപ്പിക്കാൻ സഹായിക്കാമെന്നും പഠനത്തിനുള്ള എല്ലാ ചെലവും വഹിക്കാമെന്നും റാവു അദ്ദേഹത്തിനു വാക്കുകൊടുത്തു.

ലോകപ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജനായിരുന്നു ആ യുവാവ്. ഇരുപത്തിമൂന്നാം വയസ്സിൽ നെല്ലൂർ കലക്ടറിൽ നിന്നു ലഭിച്ച ഈ സഹായവാഗ്ദാനം അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിച്ചു.

രാമാനുജൻ 1887 ഡിസംബർ 22ന് ഒരു ദരിദ്ര ബ്രാഹ്മണ കുടുംബത്തിലാണ് ജനിച്ചത്. ഒരു തുണിക്കടയിലെ കണക്കെഴുത്തുകാരനായിരുന്നു അച്ഛൻ. ഈറോഡിലെ സ്കൂൾപഠനകാലത്തുതന്നെ ഗണിതത്തിലുള്ള രാമാനുജന്റെ കഴിവുകൾ അധ്യാപകരെ അതിശയിപ്പിച്ചിരുന്നു.

1903 ൽ മെട്രിക്കുലേഷൻ പൂർത്തിയാക്കിയ രാമാനുജൻ സ്കോളർഷിപ്പോടെ കുംഭകോണം ഗവൺമെന്റ് കോളേജിൽ ഉപരിപഠനത്തിനു ചേർന്നു. മുഴുശ്രദ്ധയും കണക്കിലായിരുന്നതിനാൽ മറ്റു വിഷയങ്ങളൊന്നും കാര്യമായി ഗൗനിക്കാതിരുന്ന അദ്ദേഹം ഫൈനൽ പരീക്ഷയിൽ പരാജയപ്പെട്ടു. ഇംഗ്ലീഷിലായിരുന്നു ഏറ്റവും മാർക്ക് കുറവ്. അതോടെ സ്കോളർഷിപ്പ് നഷ്ടമായി. ഗത്യന്തരമില്ലാതെ കോളേജ് വിദ്യാഭ്യാസം നിർത്തി വീട്ടിലേക്ക് മടങ്ങേണ്ടിവന്നു.



വീട്ടിലെ കഷ്ടപ്പാടുകൾക്കിടയിലും രാമാനുജൻ ഗണിതപഠനവും



ഗവേഷണവും തുടർന്നു. കണക്കുപുസ്തകങ്ങൾ തേടിപ്പിടിച്ച് വായിക്കാനും കുറിപ്പുകൾ തയ്യാറാക്കാനും പ്രത്യേകം ശ്രദ്ധിച്ചു. ഇതിനിടെ അദ്ദേഹത്തിന്റെ വിവാഹവും കഴിഞ്ഞു. ബാലവിവാഹം നിലവിലുണ്ടായിരുന്ന കാലമായിരുന്നു അത്. ഒമ്പതുവയസ്സുകാരിയായ ബാലികയായിരുന്നു 22 വയസ്സുള്ള രാമാനുജന്റെ ഭാര്യ. വിവാഹത്തോടെ ജീവിതഭാരം വർദ്ധിച്ചു. ഒരു ജോലി കണ്ടെത്തൽ അനിവാര്യമായി. രാമചന്ദ്രറാവുവിന്റെ സഹായത്തോടെ തന്നെ രാമാനുജൻ മദ്രാസ് പോർട്ട്ട്രസ്റ്റിൽ ഗുമസ്തനായി.

ജോലിയും ഗവേഷണവുമായി കഴിയവെ അദ്ദേഹത്തിന്റെ ഒരു ഗണിതശാസ്ത്ര ലേഖനം ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റി ജർണലിൽ പ്രസിദ്ധീകരിച്ചു. ബർനൗലി സംഖ്യകളുടെ ചില പ്രത്യേകതകൾ എന്ന ഈ പഠനം പ്രസിദ്ധ ഗണിതശാസ്ത്രജ്ഞരുടെ പ്രശംസ പിടിച്ചുപറ്റി. കാംബ്രിജ് സർവകലാശാലയിൽ ഗണിതശാസ്ത്ര പ്രൊഫസറായിരുന്ന ഡോക്ടർ ജി.എച് ഹാർഡി ഉന്നയിച്ച ചില ഗണിതപ്രശ്നങ്ങൾക്കുള്ള വിശദീകരണവും രാമാനുജന്റെ പ്രബന്ധത്തിലുണ്ടായിരുന്നു.

രാമാനുജനിലെ ഗണിതപ്രതിഭയെ കണ്ടറിഞ്ഞ ഹാർഡി അദ്ദേഹത്തെ ലണ്ടനിലെ ട്രിനിറ്റികോളേജിൽ പഠനത്തിനു ക്ഷണിച്ചു. 1914ൽ രാമാനുജൻ ലണ്ടനിലെത്തി. ആകർഷകമായ സ്കോളർഷിപ്പ് നൽകി ട്രിനിറ്റി കോളേജ് അദ്ദേഹത്തെ സ്വീകരിച്ചു. തുടർന്ന് അഞ്ചു വർഷത്തിനുള്ളിൽ 21 ഗവേഷണപ്രബന്ധങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചതോടെ രാമാനുജൻ ലോകശ്രദ്ധ നേടി.

ഇംഗ്ലണ്ടിലെ കൊടുംതണുപ്പുമായി പൊരുത്തപ്പെടാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1917ൽ രാമാനുജന് ക്ഷയരോഗം ബാധിച്ചു. രോഗം മൂർഛിച്ചതോടെ ഇന്ത്യയിലേക്ക് മടങ്ങിയ അദ്ദേഹം 1920 ഏപ്രിൽ 26 ന് മദ്രാസിൽ അന്തരിച്ചു.

## റോഡ്രി മാജിക്

കഴിഞ്ഞ സീസണിലെ മികച്ച ഫുട്ബോൾ താരത്തിനുള്ള വിഖ്യാത പുരസ്കാരമായ ബലൻ ദ് ഓർ സ്പാനിഷ് താരം റോഡ്രി സ്വന്തമാക്കി. സൂപ്പർ താരം വിനീഷ്യസ് ജൂനിയറിനെ പിന്നിലാക്കിയാണ് റോഡ്രിയുടെ ആദ്യ ബലൻ ദ് ഓർ നേട്ടം.

## ശ്രേഷ്ഠ ഭാഷകൾ 11

അഞ്ച് ഭാഷകൾക്കുകൂടി ശ്രേഷ്ഠഭാഷാ പദവി നൽകാൻ കേന്ദ്ര മന്ത്രിസഭായോഗം തീരുമാനിച്ചു. മറാത്തി, ബംഗാളി, അസമീസ്, പാലി, പ്രാകൃത് ഭാഷകൾക്കാണ് അംഗീകാരം ലഭിക്കുക. ഇതോടെ ശ്രേഷ്ഠഭാഷാപദവി ലഭിക്കുന്ന ഭാഷകളുടെ എണ്ണം പതിനൊന്നായി.

## എഴുത്തുകാർക്കൊരു ഗ്രാമം

എഴുത്തുകാർക്കും സർഗാത്മക സൃഷ്ടികളിൽ അഭിരുചിയുള്ളവർക്കുമായി ഇന്ത്യയിലെ ആദ്യത്തെ റൈറ്റേഴ്സ് വില്ലേജ് ദെഹ്റാദൂണിൽ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്തു. ദെഹ്റാദൂണിൽനിന്ന് 24 കിലോമീറ്റർ അകലെയുള്ള താനോ ഗ്രാമത്തിലാണ് കേന്ദ്രം സ്ഥിതി ചെയ്യുന്നത്.

## സമാധാന വൃത്താന്തം

പരസ്പര ബഹുമാനം ഉറപ്പാക്കി സമാധാനപരമായ ബന്ധം നിലനിർത്താൻ ഇന്ത്യയും ചൈനയും തമ്മിൽ ധാരണയായി. റഷ്യയിലെ കസാനിൽ നടന്ന ബ്രിക്സ് സമ്മേളനത്തിനിടെ ഒക്ടോബർ 23നു പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനയുടെ പ്രസിഡന്റ് ഷി ചിൻപിങ്ങും നടത്തിയ ചർച്ചയിലാണ് ധാരണ.



## വന്യജീവികൾ കുറയുമ്പോൾ



ലോകത്തിലെ വന്യജീവികളുടെ എണ്ണം കഴിഞ്ഞ 50 കൊല്ലത്തിനിടെ 73 ശതമാനം കുറഞ്ഞതായി വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് പ്രസിദ്ധീകരിച്ച 2024 ലെ ലിവിങ് പ്ലാനറ്റ് റിപ്പോർട്ട്. ശുദ്ധജല ആവാസവ്യവസ്ഥയിലാണ് ഏറ്റവും വലിയ കുറവ് (85%) രേഖപ്പെടുത്തിയത്.


മിസ്റ്റർ മണ്ടപ്പൻ
അപ്പന്മാർ മീൻകടക്കു മുമ്പിൽ
ഫ്രഷ് മീൻ! വരൂ.. വാങ്ങൂ..
ഇത് ഫ്രഷ് ഫിഷ് ആണെന്ന് തോന്നുന്നില്ലല്ലോ.
ഫ്രഷാണ് അപ്പന്മാരേ... കടലിൽ നിന്ന് വന്നിട്ട് ഒരു മാസമേ ആയിട്ടുള്ളൂ!
മൈ ഗോഡ്! ഒരു മാസമോ? ഫിഷിന്റെ ഫ്രഷ്നെസ്സ് എത്രകാലം നിലനിൽക്കും മച്ചൂ...
അറിയില്ല അണ്ണേ?
വാ അണ്ണേ, നമുക്ക് വേറെ കട നോക്കാം.
നല്ല ഫ്രഷ് മത്സ്യം കഴിച്ചകാലം മറന്നു.


ദേ, ആ പോസ്റ്റർ നോക്കിയേ.
അതു കൊള്ളാം. തേടിയ വള്ളി കാലിൽ ചുറ്റി.
ഫിഷിംഗ് സഫാരി
വിളിക്കുക
0000302200
എന്നാൽ വൈകണ്ട, വിളിച്ചോ മച്ചൂ.
ദേ, ഏമാന്മാരുടെ ഒരു മിസ്ഡ് കോൾ!
ഫിഷിംഗ് സഫാരിക്ക് വിളിച്ചിട്ടു മതി ഏമാൻമാർക്ക്!
ഹലോ, ഫിഷിംഗ് സഫാരി അല്ലേ? രണ്ടുപേർക്ക് എത്രയാണ് ചാർജ്ജ്?
രണ്ടുപേർക്ക് 400 രൂപ. 10 മണിക്ക് ഹാർബറിൽ നിന്ന് പുറപ്പെടും. കൃത്യസമയത്ത് എത്തിച്ചേരുക.



സമയം ഒമ്പതു കഴിഞ്ഞു, വേഗം നടക്കാം.
വായിൽ ഇപ്പോൾ തന്നെ കപ്പലോടുന്നു.
ദേ, അണ്ണേ ഏമാന്മാർ വീണ്ടും വിളിക്കുന്നു.
ക്ഷമിക്കണം സാറേ, അല്പം തിരക്കിലായിരുന്നു.
ഫിഷിംഗ് സഫാരി മിക്കവാറും കുളമാകും.
സംസ്ഥാന പുരാവസ്തു മ്യൂസിയത്തിലെ വിലപിടിപ്പുള്ള സ്വർണനാണയങ്ങൾ മോഷണം പോയിട്ടുണ്ട്.
റിപ്പർ വാസുവാണ് മോഷണത്തിനു പിന്നിലെന്ന് സംശയം.



ദേ.. മച്ചൂ, സഫാരി ബോട്ട് എത്തിക്കഴിഞ്ഞു. ഇനി യാത്ര കഴിഞ്ഞാവാം അന്വേഷണം.
തൽക്കാലം ഫോൺ സൈലന്റായിരിക്കട്ടെ.
അപ്പന്മാർ ബോട്ടിൽ.
ഹായ്, വണ്ടർഫുൾ!
കാഴ്ചകൾ കണ്ടിരുന്നാൽ ഫിഷിംഗ് നടക്കുമോ അണ്ണേ?
ഡോണ്ട് വറി. ഞാനിപ്പോൾ ചൂണ്ടയുമായി വരാം.
ബോട്ടിന്റെ മറ്റൊരു ഭാഗത്ത്,
അപ്പന്മാർ എന്നെ പിടികൂടാൻ കയറിയതാണ്. കടലിൽ ചാടി രക്ഷപ്പെടാം.
കടൽ ദൈവങ്ങളേ, കാത്തോളണേ...


മച്ചൂ... ഇതാ, ഉഗ്രൻ ചൂണ്ട റെഡി!
ഒന്ന് എനിക്കും താ അണ്ണേ.
അപ്പന്മാർ ഫിഷിംഗ് മോഡിൽ
എനിക്ക് അയക്കൂറ മതി.
മത്തിയാണ് എനിക്കിഷ്ടം, പാവപ്പെട്ടവന്റെ മത്സ്യം.
ങേ! ചൂണ്ട വലിക്കുന്നു.
എന്റെ ചൂണ്ടയിലും മീൻ കൊത്തിയെന്ന് തോന്നുന്നു.
വല്ല തിമിംഗലവും ആണോ മുടിഞ്ഞ ഭാരം!
സെയിം ടു സെയിം! എന്റെ കൈ മുറിയുമെന്നാണ് തോന്നുന്നത്.


അതേസമയം ചൂണ്ടയുടെ അറ്റത്ത്,
ങേ! റിപ്പർ വാസുവല്ലേ അത്!
അയ്യോ കുടുങ്ങി!
ഒടുവിൽ,
ങേ! ഏമാന്മാർ പറഞ്ഞ സ്വർണ്ണനാണയങ്ങൾ!
പാവമാണേ, വെറുതെ വിടണേ...
കരയിൽ അപ്പന്മാർക്ക് സ്വീകരണം.
സല്യൂട്ട് അപ്പന്മാരേ... നമ്മൾ ഒന്ന് വിളിച്ചപ്പോഴേക്ക് റിപ്പർ വാസുവിനെ തൊണ്ടി സഹിതം പൊക്കിയല്ലോ!
മണ്ടപ്പൻ കീ ജയ്!
വാലപ്പൻ കീ ജയ്!

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# പുള്ളിക്കോഴിയും മക്കളും

പുള്ളിപ്പിടക്കോഴിക്ക് അഞ്ചു മക്കളാണ്; ചെമ്പൻ, കറുമ്പൻ, ചാരൻ, തങ്കി, പിങ്കി. ചെമ്പൻ അല്പം വികൃതിക്കാരനാണ്. ഒരു നിമിഷം അടങ്ങി നിൽക്കില്ല. അമ്മയുടെ അടുത്തുനിന്ന് ഓടിപ്പോയി ഒറ്റയ്ക്കു നടക്കാനാണവനു മോഹം.



അങ്ങനെ നടക്കാനൊരുങ്ങുമ്പോൾ അമ്മ പറയും:

*കുഞ്ഞിക്കുരുന്നേ കുട്ടിക്കുറുമ്പാ,*
*കൂട്ടം വിട്ടു നീ ഓടിടല്ലേ.*
*കള്ളക്കുറുക്കൻ കാടുമിറങ്ങി*
*വന്നാൽ പിന്നെ കുഴപ്പമല്ലേ.*

ചെമ്പനുണ്ടോ അമ്മ പറയുന്നതു കേൾക്കുന്നു! അവൻ തരം കിട്ടിയാൽ അമ്മയുടെ കണ്ണുവെട്ടിച്ച് കുറ്റിക്കാടിനടുത്തേക്കോടും.

ഒരു ദിവസം കൂട്ടംവിട്ട് ഒറ്റയ്ക്ക് നടക്കുകയായിരുന്നു അവൻ. അപ്പോഴാണതു കണ്ടത്, കുറ്റിക്കാട്ടിൽ, തിളങ്ങുന്ന രണ്ടു



കണ്ണുകൾ. അവൻ പേടിച്ചുപോയി. പിന്നെ കരഞ്ഞു കൊണ്ട് തിരിച്ചോടി. കരച്ചിൽകേട്ട് ഓടിയെത്തിയ അമ്മയോട് പറഞ്ഞു:

*അമ്മേ അമ്മേ കുറ്റിക്കാട്ടിൽ*
*കണ്ടൂ കണ്ണുകൾ രണ്ടെണ്ണം.*
*കണ്ടിട്ടമ്മേ പേടിച്ചയ്യോ,*
*ഒടിപ്പോന്നു അതിവേഗം.*

സൂത്രക്കാരൻ കുറുക്കനായിരുന്നു അത്. പേടിച്ചു വിറയ്ക്കുന്ന ചെമ്പനെ ചിറകിനടിയിൽ ഒളിപ്പിച്ചുകൊണ്ട് പുള്ളിക്കോഴി ഉറക്കെ ശബ്ദമുണ്ടാക്കി. ശബ്ദംകേട്ട് വീട്ടുകാർ മുട്ടൻ വടികളുമായി ഓടിയെത്തി. കള്ളക്കുറുക്കനെ ഓടിച്ചു. സ്വന്തം കുഞ്ഞു രക്ഷപ്പെട്ട സന്തോഷത്തിൽ അമ്മക്കോഴി ഉറക്കെ പാടി:

*സൂത്രക്കാരൻ കുറുക്കച്ചാരേ,*
*ജീവൻ കൊണ്ടോടിക്കോളൂ,*
*നാട്ടിൽ നിന്നെ കണ്ടാൽ പിന്നെ*
*കൂട്ടിലാകും സൂക്ഷിച്ചോ.*

പിന്നെ മക്കളോട് പറഞ്ഞു: ഭാഗ്യത്തിന് രക്ഷപ്പെട്ടു. മക്കളേ... അമ്മ പറയുന്നത് കേൾക്കാതെ തന്നിഷ്ടത്തിന് നടന്നാൽ ആപത്ത് വരും. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

❖

**വീണ്ടും ട്രംപേരിക്ക!**

നാലു വർഷം മുമ്പത്തെ തോൽവിയുടെ കണക്കുതീർത്ത് യു.എസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ഡൊണാൾഡ് ട്രംപിന്റെ തിരിച്ചുവരവ്. ഫലം നിർണയിക്കുന്നതിൽ പ്രധാനമെന്നു വിലയിരുത്തപ്പെട്ട 7 സംസ്ഥാനങ്ങളിൽ ഒന്നുപോലും വിട്ടുകൊടുക്കാതെയായിരുന്നു റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ ട്രംപിന്റെ മുന്നേറ്റം.

നോവൽ - 15

മുജ്തബ നസ്വീഫ്

# ഉസ്താദുമാരുടെ സമ്മാനം

'ഉമ്മ എന്നാണ് വരുക? കുഞ്ഞനിയത്തിയെയും കൊണ്ടുവരുമോ? അവളീ അബൂട്ടീനെ അറിയോ? ചിരിക്കോ...?'

രാവിലെ ഉണർന്നപ്പോൾ ആദ്യം മനസ്സിൽ വന്നത് അനിയത്തിയെക്കുറിച്ചുള്ള വിചാരമാണ്. സ്വുബ്ഹ് നിസ്കരിച്ച് ഖുർആനെടുത്തു മറിച്ച് മെല്ലെ ഓതുമ്പോഴും മനസ്സിൽ പലതരം വിചാരങ്ങൾ വന്നും പോയുമിരുന്നു.

ആട്ടിൻകൂട്ടിൽ നിന്ന് ആടുകളുടെ ഒച്ച കേട്ടപ്പോൾ മുസ്ഹഫ് അടച്ചുവെച്ച് അബൂട്ടി പുറത്തേക്കിറങ്ങി.

മ്...മ്...ബേ....... മ്...മ്...ബേ......! ആടുകൾ അബൂട്ടിയെ വിളിക്കുകയായിരിക്കും; വേഗം ചെന്ന് ആ കൂട്ടിൽ നിന്നൊന്നു രക്ഷപ്പെടുത്താൻ. അഞ്ചോ ആറോ ആടുകൾക്ക് താമസിക്കാനുള്ള കൂടാണ്. അതിനകത്ത് പതിനാറെണ്ണത്തിനെയാണ് കുത്തിനിറയ്ക്കാറുള്ളത്. പാവം ആടുകൾ!

കൂട്ടിലേക്ക് കയറ്റുമ്പോൾ തന്നെ മടി കാണിച്ച് അവ പിന്നോട്ട് വലിയും. ബലം പിടിച്ച് പ്രതിഷേധിക്കും. അതിനകത്തേക്ക് കടക്കാൻ വയ്യെന്നു കാണിക്കുകയാണ്. പിന്നെ കയർ പിടിച്ചു വലിച്ചും പിന്നിൽ ചെന്ന് ഉന്തിയും തള്ളിയുമൊക്കെ വേണം കൂട്ടിൽ കയറ്റാൻ. കൂടൊന്നു വലുതാക്കാൻ മാമിയോട് പലപ്പോഴും പറഞ്ഞതാണ്. ആടുകൾക്ക് അത്രയൊക്കെ സൗകര്യം മതി എന്നാണവർ പറയാറ്.

പാവം ജീവികൾ! അട്ടിക്കിട്ടതു പോലെ എങ്ങനെയൊക്കെയോ കിടന്നു നേരം വെളുപ്പിക്കുന്നു. രാവിലെ ചെന്ന് വാതിൽ തുറക്കുമ്പോഴേക്കും പുറത്തേക്ക് ചാടാനുള്ള വെമ്പലാണ്. തിക്കുംതിരക്കും കൂട്ടുന്നതു കാരണം പെട്ടെന്ന് എല്ലാവർക്കും പുറത്തുവരാനും കഴിയില്ല. അവയുടെ കഷ്ടപ്പാട് കാണുമ്പോൾ സങ്കടം തോന്നും. പക്ഷേ, എന്തു ചെയ്യാനാ! അബൂട്ടി വിചാരിച്ചാൽ അവയുടെ കഷ്ടപ്പാടുകൾ തീർത്തുകൊടുക്കാനാവില്ലല്ലോ. മാമന്റെയോ മാമിയുടെയോ മനസ്സിൽ കനിവുണ്ടാവണം. അതുണ്ടായിരു



ന്നെങ്കിൽ ഈ അബൂട്ടിയും ഇങ്ങനെ കഷ്ടപ്പെടേണ്ടി വരുമായിരുന്നില്ലല്ലോ.

ആടുകളെയുമായി പുറത്തേക്ക് പോയാൽ ആടുകൾക്കും അബൂട്ടിക്കും സുഖമാണ്; നല്ല സ്വാതന്ത്ര്യം കിട്ടിയ പോലെ! ഇപ്പോൾ ജോലിയിൽ വലിയ പ്രയാസമൊന്നും തോന്നുന്നില്ല. രാത്രി ദർസിൽ പോകുന്നതുകൊണ്ട് പഠിക്കാൻ പോകാത്ത വിഷമവും തീർന്നിട്ടുണ്ട്. എന്നാലും കൂട്ടുകാർ സ്കൂളിലെ വർത്തമാനങ്ങൾ പറയുന്നതു കേൾക്കുമ്പോൾ സങ്കടം തോന്നും. അവരെപ്പോലെ ഇംഗ്ലീഷും ഹിന്ദിയും കണക്കുമൊന്നും പഠിക്കാൻ തനിക്കാവുന്നില്ലല്ലോ.

ആടുകളൊക്കെ ഇപ്പോൾ അബൂട്ടിയുടെ നല്ല കൂട്ടുകാരായി മാറിയിട്ടുണ്ട്. അവയുണ്ടാക്കുന്ന ശബ്ദത്തിന്റെയും നോട്ടത്തിന്റെയും ഓട്ടത്തിന്റെയുമൊക്കെ പൊരുൾ ഇപ്പോൾ അബൂട്ടിക്ക് നന്നായറിയാം. അബൂട്ടി പറയുന്ന കാര്യങ്ങളും കാണിക്കുന്ന ആംഗ്യങ്ങളും അവയ്ക്കു മനസ്സിലാകുന്നുമുണ്ട്. അവയെല്ലാം ആടുകൾ ശ്രദ്ധിച്ച് അനുസരിക്കുന്നുണ്ടല്ലോ. ആടുകൾ കാട്ടുന്ന അമിത സ്നേഹമാണ് പലപ്പോഴും അസഹനീയമായി തോന്നാറ്. എവിടെയെങ്കിലും ഇരിക്കുകയാണെങ്കിൽ ശരീരത്തിലൂടെ ഉരുമ്മി നടക്കും. മടിയിൽ കയറും. കണ്ണിലും മൂക്കിലും ചെവിയിലുമൊക്കെ മുഖം മുട്ടിച്ചു നക്കും. ഇക്കിളിയും അസ്വസ്ഥതയും തോന്നുമ്പോൾ തട്ടിമാറ്റിയാലും അവ പിന്നെയും വരും.

നിൽക്കുമ്പോൾ കാലിൽ കയറുന്നതാണ് സഹിക്കാനാവാത്തത്. നല്ല ബലമുള്ള കുളമ്പുകൾകൊണ്ടു ചവിട്ടിയമർത്തുമ്പോൾ വല്ലാത്ത വേദനയാണ്. കാല് വലിച്ചെടുക്കുമ്പോൾ ചിലയിടത്ത് തൊലിയുരിഞ്ഞു പോവുകയും ചെയ്യും. അങ്ങനെ കാലിൽ പലയിടത്തും വ്രണങ്ങളുണ്ടായിട്ടുണ്ട്. ആ വ്രണങ്ങളിൽ വീണ്ടും ചവിട്ടേൽക്കുമ്പോഴുണ്ടാകുന്ന വേദന അസഹനീയം തന്നെയാണ്. എന്നാലും അവയോട് ദേഷ്യപ്പെടാറില്ല. അടിക്കാറില്ല. മിണ്ടാപ്രാണികളല്ലേ! അവ തന്നോടുള്ള സ്നേഹം കൊണ്ടല്ലേ ഇങ്ങനെ മുട്ടിയുരുമ്മി നടക്കുന്നത്!

****

എന്നും ക്ലാസ് കഴിഞ്ഞാൽ ഉസ്താദ് വർത്തമാനങ്ങൾ ചോദിക്കും. ഇന്ന് എന്തൊക്കെ ഭക്ഷണം കഴിച്ചു എന്നുവരെ ചോദിക്കും. അതുകൊണ്ടുതന്നെ രാവിലെ എന്നും ഭക്ഷണം കഴിച്ചാണ് ആടുകളോടൊപ്പം പോവുക. ഉച്ചയ്ക്ക് കഴിക്കാൻ എന്തെങ്കിലും അല്പം കരുതുകയും ചെയ്യും. മാമിയുടെ കെറുവും നോട്ടവുമൊന്നും കണക്കാക്കാറേയില്ല. ഭക്ഷണം കഴിച്ചില്ലെന്ന് ഉസ്താദിനോടു പറഞ്ഞാൽ എന്തുകൊണ്ട് കഴിച്ചില്ലെന്ന് തുറന്നുപറയേണ്ടിവരും. അപ്പോൾ ചിലപ്പോൾ ദേഷ്യപ്പെടുകയും ചെയ്യും. കഴിക്കാതെ കഴിച്ചെന്നു പറയുന്നത് കളവുമാണല്ലോ.

ആടുകളെ കൂട്ടിലടച്ച് ഓടിക്കിതച്ച് പള്ളിയിലെത്തിയപ്പോഴേക്കും നിസ്കാരം കഴിഞ്ഞ് ദർസിൽ ബൈത്ത് തുടങ്ങിയിട്ടുണ്ട്. വുളൂഅ് ചെയ്ത് ഓടിക്കയറി മഗ്രിബ്



നിസ്കരിച്ച് തിരിഞ്ഞപ്പോ ഴാണ് കണ്ടത്; റഹീമുസ് താദും കരീമുസ്താദുമുണ്ട് വല്യുസ്താദിന്നടുത്തി രിക്കുന്നു; അവർ തന്റെ വരവും തിരക്കിട്ട നിസ് കാരവുമൊക്കെ ശ്രദ്ധിക്കു കയായിരുന്നെന്ന് തോന്നു ന്നു. അബൂട്ടിക്ക് വല്ലാത്ത ജാള്യത തോന്നി. അവൻ എഴുന്നേറ്റ് ഉസ്താദ് ഇരിക്കു ന്നതിന്നടുത്തുള്ള വാതിലി നു പിറകിലേക്ക് മാറിനിന്നു. അപ്പോൾ ഉസ്താദ് വിളിച്ചു: 'അബൂട്ട്യേ, ഇന്നെന്താ വന്നു സലാം പറയാതെ മാറി നിന്നത്?'

ഒന്നും പറയാതെ നിന്നപ്പോൾ ഉസ്താദ് തന്നെ പറഞ്ഞു: 'ഇവരിവിടെ ഉണ്ടാ യിട്ടാവുമല്ലേ? സാരല്ല, മോ നിങ്ങോട്ട് വന്നിരിക്ക്.'

ഭവ്യതയോടെ മുമ്പിൽ ചെന്നിരുന്നപ്പോൾ ഉസ്താദ് അവരോടായി പറയുന്നത് കേട്ടു: 'നിങ്ങളുടെ അബൂട്ടി മിടുക്കനാട്ടോ. പറഞ്ഞുകൊ ടുക്കുന്നത് മുഴുവൻ മനപ്പാഠ മാക്കും. നാളെ ചോദിച്ചാൽ എല്ലാം മണിമണിയായി പറഞ്ഞുതരും.'

റഹീമുസ്താദ് സന്തോഷത്തോടെ പറഞ്ഞു: 'അതുകൊണ്ടാണല്ലോ ഞങ്ങൾ അവനെ ഉസ്താ ദിന് ഏൽപ്പിച്ചു തന്നത്. അബൂട്ടിയെ നമുക്ക് പഠിപ്പി ച്ച് വലിയ പണ്ഡിതനാക്ക ണം.'

'അതിനുള്ള കാര്യങ്ങ ളൊക്കെ ഞങ്ങൾ ഏർപ്പാടാ ക്കുന്നുണ്ട്.' കരീമുസ്താദ് കൂടെ ചേർന്നു.

അബൂട്ടിക്ക് നാണം തോന്നി. തന്റെ ഭാവികാര്യ ങ്ങളാണ് പറയുന്നതെങ്കി ലും തന്നെക്കുറിച്ചാണല്ലോ പറയുന്നത് എന്നതിൽ നാണം.

അൽപനേരത്തെ ചർ ച്ചകൾക്കു ശേഷം റഹീമുസ് താദ് ഒരു പൊതിയെടുത്ത് വല്യുസ്താദിന്റെ കയ്യിലേൽ പ്പിച്ചു പറഞ്ഞു: 'ഇത് ഉസ് താദ് തന്നെ കൊടുക്കിൻ.'

'ങാ, അബൂട്ടിക്കൊരു സമ്മാനം; ഉസ്താദുമാരുടെ വക' എന്നുപറഞ്ഞ് വല്യു സ്താദ് ആ പൊതി അബൂട്ടി ക്കു നേരെ നീട്ടി. വാങ്ങാൻ കൈ പൊങ്ങാതെ തലകുനി ച്ചിരുന്നപ്പോൾ റഹീമുസ്താ ദ് പറഞ്ഞു: 'മോൻ എഴുന്നേ റ്റുനിന്ന് രണ്ട് കൈയും നീട്ടി ആ സമ്മാനം വാങ്ങ്.'

(തുടരും)


മധുര സമ്മാനം
മരുഭൂമിയിലൂടെ ഒരു യാത്രയിലായിരുന്നു യൂസുഫ്.
ഹായ്, ഒരു അരുവിയല്ലേ അത്?
കണ്ണാടി പോലുള്ള വെള്ളം!
മധുരിക്കുന്ന പോലെ!
ഇതൽപം തോൽപാത്രത്തിൽ ശേഖരിക്കാം.
ഇത് ഗുരുവിന് നന്നായി ഇഷ്ടപ്പെടും. തീർച്ച!


നാല് ദിവസങ്ങൾ കഴിഞ്ഞ്...
ഹാവൂ, ദൂരെ ദാ കാണുന്നു ഗുരുവിന്റെ പർണശാല.
അസ്സലാമു അലൈക്കും.
വഅലൈക്കു മുസ്സലാം.
അങ്ങേയ്ക്ക് ഇഷ്ടപ്പെടുന്ന ഒരു സമ്മാനവുമായാണ് ഞാൻ വന്നിരിക്കുന്നത്.
എന്താണ് യൂസഫ് ആ സമ്മാനം?


ഈ തോൽപാത്രം നിറയെ മധുരജല മാണ്.
നാല് ദിവസം മുമ്പ് മ രുഭൂമിയിലൂടെ സ ഞ്ചരിച്ചപ്പോൾ ലഭിച്ച താണിത്.
ജസാകല്ലാഹ്!
അങ്ങതൊന്നു കുടിച്ചു നോക്കൂ...
ബിസ്മില്ലാഹി....
ഹായ്! ഗംഭീര മായിട്ടുണ്ട് യൂസുഫ്.
നന്ദി ഗുരോ...!


യൂസഫ് യാത്രപറഞ്ഞ് നടന്നകന്നു.
ഗുരുവിന് സന്തോഷമായിട്ടുണ്ട്.
ഞങ്ങൾക്കും തരുമോ ആ മധുരജലം?
ശരി. ഓരോരുത്തരും കൈ നീട്ടൂ.
ധൃതി കൂട്ടല്ലേ....
ഹേയ്, വല്ലാത്ത ചവർപ്പ്!
ത്ഫൂ, എന്റെ വായ കേടായി.
ഇത് കൈപ്പാണല്ലോ ഗുരോ.


ഈ ദുർഗന്ധമുള്ള വെള്ളമാണോ യൂസുഫ് അങ്ങേക്ക് നൽകിയത്?
അതേ മക്കളേ, നാലുദിവസം തോൽപാത്രത്തിൽ കിടന്ന് പഴകിയ വെള്ളമാണിത്.
എന്നിട്ടും അങ്ങ് മധുരിക്കുന്നതായി കാണിച്ചല്ലോ.
മക്കളേ, സ്നേഹപൂർവ്വം എനിക്കു സമ്മാനിക്കാൻ നാല് ദിവസം യാത്ര ചെയ്താണ് യൂസുഫ് ഇവിടെയെത്തിയത്.
എത്ര വില കുറഞ്ഞ വസ്തുവാണെങ്കിലും സ്നേഹപൂർവ്വം ഒരാൾ നൽകുന്ന സമ്മാനം സന്തോഷപൂർവ്വം സ്വീകരിക്കണം.
അതിനു നാം നന്ദി കാണിക്കുകയും വേണം.




‘മുക്രിക്കാന്റവിടെ’ എന്നാണ് എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാരുടെ വീട്ടുപേര്. മുഖ്‌രിഅ് എന്നാൽ ഖുർആൻ പഠിപ്പിക്കുന്നയാൾ എന്നാണർത്ഥം. ആ പദം ലോപിച്ചാണ് മുക്രി ആയത്. ഖുർആൻ പഠിപ്പിക്കുന്ന ഒരു വീട്ടിലാണ് കുറിയ അബ്ദുല്ലഹാജിയുടെയും നാലുരപ്പാട് മർയമിന്റെയും മകനായി അബ്ദുൽ ഖാദിർ മുസ്‌ലിയാർ ജനിച്ചത്. 1924 ൽ പഴയകാലത്തെ ഓത്തുപള്ളികളിലൊന്നായിരുന്നു ആ വീട്. ഉസ്താദിന്റെ വല്യുപ്പ (ഉമ്മയുടെ ഉപ്പ) അബ്ദുൽഖാദിർ ഹാജി മുസ്‌ലിയാരായിരുന്നു ആ ഓത്തുപള്ളിയിലെ ഉസ്താദ്. ഇദ്ദേഹത്തിൽ നിന്നാണ് പൗത്രനായ അബ്ദുൽഖാദിർ പ്രാഥമിക പഠനം പൂർത്തിയാക്കിയത്.

ഓത്തുപള്ളിയിലെ പഠനം കഴിഞ്ഞപ്പോൾ തന്റെ പൗത്രനെ വല്യുപ്പ തൃക്കരിപ്പൂർ വലിയ ജുമുഅത്ത് പള്ളിയിലെ ദർസിൽ ചേർത്തു. വലിയ പണ്ഡിതനും ഹാഫിളു

മായിരുന്ന ശാഹുൽഹമീദ് തങ്ങളായിരുന്നു അവിടത്തെ ഉസ്താദ്. മിടുക്കനായ അബ്ദുൽ ഖാദിർ ദർസിൽ ഉസ്താദ് ഓതിക്കൊടുക്കുന്നതെല്ലാം അതിവേഗം പഠിച്ചുതീർത്തു. അവിടെ പഠിക്കുമ്പോഴാണ് അടുത്ത പ്രദേശത്തെ ദർസിലെ മുദരിസിന് ഉറുദുഭാഷ ശരിക്കറിയാമെന്നു കേട്ടത്. വിജ്ഞാനദാഹിയായ അബ്ദുൽ ഖാദിർ ഉസ്താദിന്റെ അനുവാദത്തോടെ ഇത്തിരി ദൂരെയുള്ള ബീരിച്ചേരി പള്ളിയിൽ പോയി ഉറുദു പഠിച്ചു. കയ്യിൽ കിട്ടുന്ന പുസ്തകങ്ങളെല്ലാം വായിച്ചു.

അക്കാലത്താണ് ഒരിക്കൽ വല്യുപ്പ അദ്ദേഹത്തെയും കൊണ്ട് കണ്ണൂരിൽ സിയാറത്തിനു പോയത്. സയ്യിദ് മൗലാ ബുഖാരി തങ്ങളുടെ ഖബർ സിയാറത്ത് ചെയ്തശേഷം കാമ്പസാറിലെ ഒരു പുസ്തകക്കടയിലേക്ക് പുറപ്പെട്ടു. പാലോട്ട് മൂസക്കുട്ടി ഹാജി നടത്തുന്ന പുസ്തകക്കടയായിരുന്നു അത്. (കഴിഞ്ഞ ലക്കം കുസുമത്തിൽ മൂസക്കുട്ടി ഹാജിയുടെ കഥ വായിച്ചതോർക്കുമല്ലോ) ആ മഹാമനുഷ്യനുമായുള്ള ബന്ധമാണ് അബ്ദുൽഖാദിർ മുസ്‌ലിയാരുടെ ശ്രദ്ധയെ വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലേക്കു തെളിച്ചുകൊണ്ടുപോയത്.

വല്യുപ്പ മരണപ്പെട്ടതോടെ അബ്ദുൽ ഖാദിർ മുസ്‌ലിയാരുടെ താങ്ങും തണലും നഷ്ടമായി. ഉപ്പ







മലേഷ്യയിൽ സ്ഥിരതാമസമായതുകൊണ്ട് അദ്ദേഹത്തിന്റെ സഹായമൊന്നും ഇവിടെയുള്ള കുടുംബത്തിനു വേണ്ടത്ര കിട്ടിയിരുന്നില്ല. കഷ്ടപ്പാടിലായ കുടുംബത്തെ സംരക്ഷിക്കാൻ ഇരുപതു വയസ്സ് പോലുമായിട്ടില്ലാത്ത അബ്ദുൽ ഖാദിർ മുസ്‌ലിയാർക്ക് ജോലിയന്വേഷിക്കേണ്ടിവന്നു. അങ്ങനെയാണ് മെട്ടമ്മൽ മദ്റസയിൽ അധ്യാപകനായി ചേർന്നത്.

ജനങ്ങളുമായി അടുത്തപ്പോഴാണ് അവരുടെ കഷ്ടപ്പാടും വിവരമില്ലായ്മയും ഉസ്താദ് തിരിച്ചറിയുന്നത്. അവ പരിഹരിക്കാനായി പിന്നെ ശ്രമം. ജനങ്ങളെ ബോധവൽക്കരിക്കാൻ പഠന ക്ലാസുകൾ തുടങ്ങി. ജനങ്ങളെ സഹായിക്കാൻ പല പദ്ധതികളും ആസൂത്രണം ചെയ്തു. അങ്ങനെ ഒരു പ്രദേശത്തിന്റെ മുഖച്ഛായ മാറ്റാൻ ഉസ്താദിന് കഴിഞ്ഞു.

അക്കാലത്ത് അവിടവിടെ ഒറ്റപ്പെട്ട മദ്റസകൾ ഉണ്ടായിരുന്നുവെന്നതല്ലാതെ അവയ്ക്ക് ഒരു ഏകീകൃത രൂപമോ പാഠ്യ പദ്ധതിയോ ഒന്നുമുണ്ടായിരുന്നില്ല. മദ്റസകൾ നാടുനീളെ വ്യാപിപ്പിക്കണം, അവയ്ക്ക് ഒരു ഏകീകൃത രൂപമുണ്ടാകണം എന്നാൽ മാത്രമേ ജനങ്ങൾക്കു ശരിക്കും ഇസ്‌ലാമിക പഠനം നടത്താനാവൂ എന്നു മനസ്സിലാക്കിയ ഉസ്താദിന്റെ ചിന്ത പിന്നെ അതിനെക്കുറിച്ചായി. സമസ്ത കേരള ജംഇയ്യത്തുൽ

ഉലമയുടെ പ്രസിദ്ധീകരണമായ അൽബയാൻ മാസികയിൽ ഉസ്താദ് ഇതു സംബന്ധമായി ഒരു ലേഖനമെഴുതി. അത് പണ്ഡിതന്മാർക്കിടയിൽ ചർച്ചയായി. സമസ്തയുടെ പത്തൊമ്പതാം വാർഷിക സമ്മേളനത്തിൽ മദ്റസ പ്രസ്ഥാനത്തെക്കുറിച്ച് പ്രമേയമവതരിപ്പിക്കാൻ ഉസ്താദിന് ക്ഷണം കിട്ടി. പ്രമേയം പണ്ഡിതന്മാർ അംഗീകരിച്ചു. ആ പദ്ധതി നടപ്പിൽ വരുത്താൻ തീരുമാനിച്ചു. അതിന്നായി രൂപീകരിച്ച സബ്കമ്മിറ്റിയിൽ എം.എ ഉസ്താദും അംഗമായി.

പിന്നെ സമസ്തയുടെ പണ്ഡിതന്മാർക്കൊപ്പമായിരുന്നു ഉസ്താദിന്റെ പ്രവർത്തനം. ഊണും ഉറക്കവുമില്ലാതെ അദ്ദേഹം കൂട്ടുകാരോടൊപ്പം കേരളത്തിലെങ്ങും സഞ്ചരിച്ചു. അധിക യാത്രകളും കാൽനടയായിട്ടായിരുന്നു. അങ്ങനെ കഠിനശ്രമത്തിലൂടെ സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന് രൂപം നൽകി. നാം പഠിക്കുന്ന മദ്റസകളെ ഇന്നത്തെ രൂപത്തിൽ പരിഷ്കരിച്ചു മെച്ചപ്പെടുത്താൻ രൂപരേഖ തയ്യാറാക്കിയ മഹാപണ്ഡിതരിലൊരാളാണ് എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ. കേരളത്തിൽ മത ഭൗതിക വിദ്യാഭ്യാസങ്ങൾ ഒന്നിച്ച് നൽകുന്ന സംവിധാനത്തിനും അടിത്തറപാകിയത് ഉസ്താദാണ്.

കാസർഗോഡ് ജില്ലയിലെ ദേളിയിൽ നിലകൊള്ളുന്ന അതിപ്രശസ്തമായ സഅദിയ്യ സ്ഥാപനങ്ങളുടെ ആസൂത്രകനും നടത്തിപ്പുകാരനുമൊക്കെയായിരുന്നു എം. എ ഉസ്താദ്. അതോടൊപ്പം പ്രഗൽഭനായ എഴുത്തുകാരനും ഗ്രന്ഥകർത്താവും പ്രഭാഷകനും വിദ്യാഭ്യാസ വിചക്ഷണനും ചിന്തകനുമായിരുന്നു ഉസ്താദ്.

ജീവിതത്തിൽ അങ്ങേയറ്റം സൂക്ഷ്മത പുലർത്തിയ ഉസ്താദ് ലളിതജീവിതമായിരുന്നു നയിച്ചിരുന്നത്. ഒരിക്കലും വയറു നിറയെ ഭക്ഷണം കഴിച്ചിരുന്നില്ല. ദരിദ്രരുടെ വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. ഒരാളെയും വിഷമിപ്പിക്കാതെ, ആരോടും പകയില്ലാതെ, ജനങ്ങളെ സേവിക്കാൻ ഉഴിഞ്ഞുവെച്ച ജീവിതം. 2015 ഫെബ്രുവരി 17ന് ആ മഹാൻ ഈ ലോകത്തോട് വിട പറഞ്ഞു. ജാമിഅ സഅദിയ്യ അങ്കണത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

# ഉറുമ്പു വിശേഷങ്ങൾ

യഹ്‌യ പാലത്തുങ്കര

മനുഷ്യരെപ്പോലെ സാമൂഹിക ജീവിതം നയിക്കുന്നവരാണ് ഉറുമ്പുകളും.

ഉറുമ്പുകൾക്ക് ആറു കാലുകളാണുള്ളത്. ഇത്തിരിക്കുഞ്ഞന്മാരെങ്കിലും ഇവയുടെ ശരീരത്തിന് തലഭാഗം, അര ഭാഗം, പിൻഭാഗം എന്നിങ്ങനെ, മൂന്നു ഭാഗങ്ങളുണ്ട്. കണ്ണുകളും പല്ലുകളും തല ഭാഗത്തും വയറും ആമാശയവുമെല്ലാം പിൻഭാഗത്തുമാണ് സ്ഥിതിചെയ്യുന്നത്. മുൻവശത്തുള്ള ശക്തമായ രണ്ട് കൊമ്പുകളുടെ സഹായത്താലാണത്രേ ഉറുമ്പുകൾ ആശയവിനിമയം നടത്താറുള്ളത്. സന്ദേശങ്ങളും സൂചനകളും നൽകാനും ശരീരവും മുഖവും തുടച്ചുവൃത്തിയാക്കാനുമാണ് ഉറുമ്പുകൾക്ക് ഈ കൊമ്പുകൾ.

ഉറുമ്പ് കടിക്കുമ്പോൾ ഫോർമിക് ആസിഡ് നമ്മുടെ ശരീരത്തിലേക്ക് ഈ കൊമ്പിലൂടെ ഇറങ്ങുന്നു. അപ്പോഴാണ് നമുക്ക് നീറ്റൽ അനുഭവപ്പെടുന്നത്.

6000 ത്തിലധികം ഉറുമ്പുവിഭാഗങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ശൈത്യമേഖലകളിൽ ഉറുമ്പുകളുടെ എണ്ണം കുറവും ഉഷ്ണമേഖലകളിൽ കൂടുതലുമായിരിക്കും. അവയിൽ തീരെ ചെറുതും മനുഷ്യന്റെ ചെറുവിരലിനോളം നീളവും വണ്ണവുമുള്ളവയുമുണ്ട്.

**കൂട്ടുകാർക്കറിയാമോ? ഒരു ഉറുമ്പുകോളനിയിൽ തന്നെ വിവിധ തരം ഉറുമ്പുകളുണ്ട്. അവയിൽ ചിലതിനെ പരിചയപ്പെടാം...**



### റാണിയുറുമ്പ്

മുട്ടയിടലാണ് ഉറുമ്പു കൂട്ടത്തിലെ റാണികളുടെ പ്രധാന ജോലി. വെളുപ്പും തവിട്ടും നിറത്തിൽ ചെറിയ അരിമണി വലിപ്പത്തിലുള്ളതായിരിക്കും മുട്ടകൾ. സഞ്ചാരത്തിനിടയിലും ഉറുമ്പുകൾ മുട്ടയിടാറുണ്ടെന്നതാണ് കൗതുകം.

### തൊഴിലാളിയുറുമ്പുകൾ

റോഡ് നിർമ്മാണം, വീട് നിർമ്മാണം, റാണിയുറുമ്പിന്റെ മുട്ട ശേഖരണം എന്നിവയാണ് ഇവയുടെ ജോലി. സാധാരണ നാം കണ്ടു വരുന്ന ഉറുമ്പുകളിലധികവും ഈ വിഭാഗക്കാരാണ്.

### പട്ടാള ഉറുമ്പ്

ഉറുമ്പു കോളനിയിലെ ഏറ്റവും വലിപ്പം കൂടിയ ഉറുമ്പുകളാണ് പട്ടാള ഉറുമ്പ്. കൂടിനെയും കുഞ്ഞുങ്ങളെയും ശത്രുക്കളിൽ നിന്ന് സംരക്ഷിക്കുന്നത് ഇവരാണ്. വലിയ തലയാണ് ഇവയുടെ പ്രത്യേകത.

### ഫറവോൻ ഉറുമ്പുകൾ

വലിയ നഗരങ്ങളിലും ഹോട്ടലുകളിലും വീടുകളിലും കഴിയുന്ന മറ്റൊരിനമാണ് ഫറവോൻ ഉറുമ്പുകൾ. കട്ടുറുമ്പ്, നെയ്യുറുമ്പ്, പാമ്പുറുമ്പ്, നീറ്ററുമ്പ് തുടങ്ങിയ വിഭാഗങ്ങൾ ഈ സമൂഹത്തിൽ ഉൾപ്പെടുന്നു.

### കൊലയാളിയുറുമ്പുകൾ

ഓസ്ട്രേലിയയിൽ ധാരാളമായി കണ്ടുവരുന്ന ബുൾഡോഗ് എന്ന ഈ ഇനം ഉറുമ്പുകൾ മനുഷ്യരെപ്പോലും കൊല്ലുമത്രെ! ഉളിപ്പല്ലുകൊണ്ട് മനുഷ്യന്റെ ഇറച്ചി പറിച്ചെടുക്കുന്നതോടൊപ്പം വിഷം കലർത്തി ഫോർമിക് ആസിഡ് മനുഷ്യശരീരത്തിനകത്തേക്ക് കുത്തിയിറക്കുകയും ചെയ്യുന്നു.

### കർഷകരായ ഉറുമ്പുകൾ

ഫംഗസുകളെ കൃഷി ചെയ്യുന്ന ഉറുമ്പിനങ്ങളുമുണ്ട്. കൊമ്പുകൾ ഉപയോഗിച്ച് ഇലകളും പുല്ലുകളും മുറിച്ചെടുത്ത് കൂട്ടിൽ ശേഖരിക്കുകയും അതിൽ വളരുന്ന ഫംഗസുകളെ ഭക്ഷിക്കുകയും ചെയ്യുകയാണ് ഇവയുടെ രീതി.





## വഴി കാണിക്കാമോ?

ചോണനുറുമ്പിന്
മിഠായി കഴിക്കാൻ
കൊതിയായി.
മിഠായിക്കടുത്തെത്താൻ
കൂട്ടുകാർ
സഹായിക്കുമോ?



## എണ്ണമെഴുതാം

മിഠായികളുടെ എണ്ണം
വൃത്തത്തിനുള്ളിൽ എഴുതിക്കോളൂ...




## വരക്കാൻ പഠിക്കാം



## വ്യത്യാസങ്ങൾ കണ്ടെത്തൂ...

താഴെയുള്ള ചിത്രങ്ങൾ തമ്മിൽ 5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?







## നിറം നൽകാമോ?

ചിത്രത്തിന് അനുയോജ്യമായ നിറം നൽകി ഭംഗിയാക്കിക്കോളൂ...



Story Line

# *The farmer and the well*

A farmer bought a well from his neighbour to irrigate his farm. Although the well was sold, the neighbour did not allow him to draw water from it. The farmer approached the Emperor for justice.

Neighbour argued that he had sold the well and not the water inside it. The emperor



# കർഷകനും കിണറും

**ഒ**രു കർഷകൻ തന്റെ കൃഷിയിടം നനയ്ക്കാൻ അയൽക്കാരനിൽ നിന്ന് ഒരു കിണർ വാങ്ങി. കിണർ വിറ്റെങ്കിലും അതിൽ നിന്ന് വെള്ളം കോരാൻ കർഷകനെ അയൽവാസി അനുവദിച്ചില്ല. കർഷകൻ നീതി തേടി ചക്രവർത്തിയെ സമീപിച്ചു.

ഞാൻ കർഷകനു കിണറ് മാത്രമേ വിറ്റിട്ടുള്ളൂവെന്നും അതിനുള്ളിലെ വെള്ളം വിറ്റിട്ടില്ലെന്നും അയൽവാസി വാദിച്ചു. അപ്പോൾ ചക്രവർത്തി അയൽക്കാരനോട് പറഞ്ഞു: 'ശരി, ഒന്നുകിൽ വെള്ളം സൂക്ഷിക്കുന്നതിന് താങ്കൾ കർഷകന് വാടക

said to the neighbour: 'Well, either you pay rent to the farmer for storing water, or immediately remove your water from his well.' Understanding that his trick didn't work the neighbour apologized and went home.



നൽകണം, അല്ലെങ്കിൽ അദ്ദേഹത്തിന്റെ കിണറ്റിൽ നിന്ന് താങ്കളുടെ വെള്ളം ഉടൻ നീക്കം ചെയ്യണം.' തനിക്കു പറ്റിയ അബദ്ധം മനസ്സിലാക്കിയ അയൽവാസി ക്ഷമാപണം നടത്തി വീട്ടിലേക്കു പോയി.

Poem

# A sweet memory

In the yard stands
a mango tree
Planted by
my grandma's hand
Its fruits, like honey,
sweet and free
Fall gently
across the land.
When the wind whispers
through the leaves,
Golden gifts drop
to the earth.
Each breeze,
a memory it weaves,
Of love, life
and endless worth.

**Salam Thirumala**

AUXILIARY VERBS

# USE OF 'MIGHT'

**1. To make a prediction**

Examples:

- It might rain tonight.
- Our boss might be displeased if we delay.

**2. To suggest a possibility**

Examples:

- Dr. Sunil might be available on the 26th.
- The manager might not receive your email in time.

**3. To make a suggestion or express an obligation**

Examples:

- You might want to take some time to think.
- It might be wise to do some more research.

**4. To ask Questions/permission**

Examples:

- How might we reduce our expenses?
- Might I interrupt you for a moment?

**5. To express frustration/sarcasm**

Examples:

- "Well, what time might that be?"
- "How exactly might you be planning to do that?"

**6. To create a conditional**

Examples:

- I might've passed the bar exam if I had studied.
- If she's punctual every day, she might not get fired.

# Stable treasure

The wall of Hoja's house is very old. Hoja has been thinking for a long time that it should be demolished and rebuilt. One day Hoja ventured for it. Hoja started to demolish the wall.

On the other side of the wall that Hoja began to tear down was the stabled of the neighbour Hakim. There were many cows and donkeys. When the wall fell down, the barn was revealed on the other side. Then Hoja was astonished to see cows and donkeys.

He called his wife loudly: "Come, Hurry up. A miracle has happened."

His wife came running and asked: "What, what's the matter?"

Hoja said in amazement: "Look, I was breaking down the wall here. And now I have found a treasure full of cows and donkeys!"

Hearing Hoja's words, his wife stunned.




Master Imitable
Adil, Do you know from where does this stream come?
Yes, Once my father had told me about it.
Where it is?
It starts its journey from that hill top
Can we go there?
Sure, let's walk on this dyke along with the stream.
Yes. Step carefully.
This waterfall looks so beautiful.
Yes. Cool and crystal-line water.



Look, sky kissing woods!
Yes. These trees give shade and pure air.
Look these lovely flowers.
Its smell also good.
Really I feel the sun has set earley today.
Yes. Deep sounds of crickets and birds.
Yes! At last we have gotten the top. The stream starts its journey from that pond.
Wow! Amazing.
Can we drink from this pond?
Surly. It's pure water.
It tastes sweet!
Allah, all are your blessings.

# WORD PUZZLE

Read the story 'The Farmer and the well', find the underlined words and try to find out its meaning using a dictionary.

| | | | | | | |
|---|---|---|---|---|---|---|
| F | A | R | M | E | R | J |
| L | L | E | W | M | U | U |
| H | L | M | O | P | O | S |
| O | O | O | L | E | B | T |
| M | W | V | L | R | H | I |
| E | V | E | A | O | G | C |
| W | A | T | E | R | I | E |
| T | R | I | C | K | E | C |
| H | O | M | E | C | N | I |

## Name me



C ________

C ________





C ________

Answers: Cat, Car, Cap

## Sudoku

| | | | | | |
|---|---|---|---|---|---|
| 6 | 3 | 2 | 4 | | |
| 4 | | 1 | 6 | 3 | |
| | 6 | 3 | 1 | | |
| 1 | | 5 | | 6 | |
| 5 | | | 3 | | 4 |
| | | | | | 6 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE, CALICUT - 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT.
HONORARY CHIEF EDITOR: **MUHAMMED PARANNUR**